2023
SEPTEMBER
18
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

## കരാറെടുക്കാൻ ആളില്ല, കേരള സർക്കാരിന്റെ സ്വന്തം ബ്രാൻഡ് അരി വൈകും



**പാലക്കാട്:** പ്ലാന്റ് നിർമാണത്തിനു കരാറുകാരെ കിട്ടാനില്ലാത്തതിനാൽ കേരള സർക്കാരിന്റെ സ്വന്തം ബ്രാൻഡ് അരി വിപണിയിലെത്താൻ കാത്തിരിപ്പു നീളും. പദ്ധതിക്കായി രൂപീകരിച്ച കേരള റൈസ് ലിമിറ്റഡ് കമ്പനിയുടെ നേതൃത്വത്തിൽ പാലക്കാട്ടെ കഞ്ചിക്കോട്ടും ആലപ്പുഴയിലെ ചെങ്ങന്നൂരും സ്ഥാപിക്കാനിരുന്ന റൈസ് ടെക്നോളജി പാർക്കുകൾ വൈകുകയാണ്.

സ്വകാര്യ മില്ലുകാരുടെ സഹായത്തോടെയുള്ള നെല്ലു സംഭരണം പ്രതിസന്ധി നേരിടുമ്പോഴാണു സർക്കാരിന്റെ സ്വന്തം പദ്ധതി എങ്ങുമെത്താതെ പോകുന്നത്. പാലക്കാട്ടെയും കുട്ടനാട്ടിലെയും കർഷകരിൽ നിന്നു നെല്ലു സംഭരിച്ച് അരിയും മൂല്യവർധിത ഉൽപന്നങ്ങളും വിപണിയിൽ ലഭ്യമാക്കാനാണു സർക്കാർ റൈസ് കമ്പനി ലിമിറ്റഡ് രൂപീകരിച്ചത്. കേരളത്തിന്റെ ബ്രാൻഡിനു വിദേശങ്ങളിൽ മികച്ച സ്വീകാര്യത ലഭിക്കുമെന്ന പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു തീരുമാനം. തവിടെണ്ണയുടെയും ഉമിക്കരിയുടെയും കയറ്റുമതി ഉൾ!പ്പെടെ വിഭാവനം ചെയ്തിരുന്നു. ആധുനിക മില്ലുകൾ, ഗുണനിലവാര പരിശോധന, ലബോറട്ടറി, സംഭരണ കേന്ദ്രങ്ങൾ തുടങ്ങിയവയാണു റൈസ് പാർക്കുകളിൽ ഉണ്ടാകുക.

കഞ്ചിക്കോട്ടെ കിൻഫ്ര പാർക്കിൽ 5 ഏക്കർ ഭൂമിയിൽ നാൽപതോളം കോടി രൂപയുടെ പദ്ധതിയായാണ് 2019ൽ നിർമാണം ആരംഭിച്ചത്. കെട്ടിട നിർമാണം ഏതാണ്ടു പൂർത്തിയാക്കി. എന്നാൽ, പ്ലാന്റ്, സംഭരണപ്പുര എന്നിവയ്ക്കും മറ്റ് ഫാക്ടറി സൗകര്യങ്ങൾക്കുമായി 5 തവണ ടെൻഡർ വിളിച്ചെങ്കിലും നിർമാണത്തിന് യോഗ്യതയുള്ള കരാറുകാരെ കിട്ടിയില്ല. കമ്പനികളെ കിട്ടാത്തതും പങ്കെടുക്കുന്ന കമ്പനികൾക്കു സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതുമാണു പ്രശ്നം. വീണ്ടും ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

ആലപ്പുഴയിൽ ചെങ്ങന്നൂരിലെ പ്രഭുറാം മിൽസ് വളപ്പിൽ റൈസ് ടെക്നോളജി പാർക്കിന് 66.05 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായത്. ഇവിടെ കെട്ടിടനിർമാണം പുരോഗമിക്കുകയാണെങ്കിലും ടെൻഡർ നടപടികളിലേക്കു കടന്നാൽ പാലക്കാട് അവസ്ഥ തന്നെയാകുമെന്ന് ആശങ്കയുണ്ട്. പാലക്കാടും ആലപ്പുഴയിലുമായി പ്രതിദിനം 160 മെട്രിക് ടൺ അരി സംസ്കരിക്കാനാകും എന്നാണു വ്യവസായ വകുപ്പ് കരുതിയിരുന്നത്. സർക്കാർ തന്നെ സംഭരണവും സംസ്കരണവും നടത്തിയാൽ കർഷകർക്കു മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാൻ സാധിക്കുമായിരുന്നു.

## 45,000 കോടിയുടെ പദ്ധതിക്ക് അംഗീകാരം
# അത്യാധുനിക യുദ്ധവിമാനങ്ങളും മിസൈലുകളും സ്വന്തമാക്കാൻ സൈന്യം



**ന്യൂഡൽഹി:** യുദ്ധവിമാനങ്ങളുൾപ്പെടെ കൂടുതൽ ആയുധങ്ങൾ വാങ്ങാൻ 45,000 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി ഡിഫൻസ് അക്വിസിഷൻ കൗൺസിൽ (ഡിഎസി). 12 എസ്‌യു30 എംകെഐ ഫൈറ്റർ ജെറ്റുകൾ, ദ്രുവാസ്ത്ര മിസൈൽ, ഡ്രോണിയർ എയർ ക്രാഫ്റ്റ് തുടങ്ങിയവയാണ് സൈന്യത്തിന്റെ ഭാഗമാകുക.

12 എസ്‌യു30 എംകെഐ വിമാനങ്ങൾ ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ആണ് നിർമിക്കുന്നത്. അത്യാധുനിക സംവിധാനങ്ങളോടെയായിരിക്കും വിമാനങ്ങൾ നിർമിക്കുന്നത്. വിമാനത്തിന്റെ 60 ശതമാനം ഭാഗങ്ങളും തദ്ദേശീയമായി നിർമിച്ചതായിരിക്കും.

ഇന്ത്യൻ നേവിക്കായി നെക്സ്റ്റ് ജെനറേഷൻ സർവെ വെസലുകൾ വാങ്ങുന്നതിനും അംഗീകാരം നൽകി. ലൈറ്റ് ആർമഡ് മൾട്ടി പർപസ് വെഹിക്കിൾ (എൽഎംവി), ഇന്റഗ്രേറ്റഡ് സർവയലൻസ് ആൻഡ് ടാർഗെറ്റിങ് സിസ്റ്റം (ഐഎസ്എടി എസ്) എന്നിവയും സേനയുടെ ഭാഗമാകും. ഹൈഡ്രോഗ്രാഫിക് ഓപ്പറേഷൻസ് ഉൾപ്പെടെ നടത്താൻ സാധിക്കുന്നവയാണ് വാങ്ങുന്നത്. 9 പദ്ധതികൾക്കാണ് പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് അധ്യക്ഷനായ സമിതി അംഗീകാരം നൽകിയത്.

ആത്മനിർഭർ ഭാരതിന്റെ ഭാഗമായി ഇന്ത്യൻ പ്രതിരോധമേഖലയ്ക്ക് കരുത്ത് പകരുന്നതിന് ഇന്ത്യൻ നിർമിത വസ്തുക്കൾ ഉപയോഗിച്ചായിരിക്കും നിർമാണം.

50 ശതമാനം ഇന്ത്യൻ നിർമിത വസ്തുക്കൾ എന്നത് 65 ശതമാനമാക്കി ഉയർത്തുകയാണ് ലക്ഷ്യമെന്നും പ്രതിരോധ മന്ത്രാലയം പുറത്തിറക്കിയ കുറിപ്പിൽ അറിയിച്ചു.

# വരുന്നൂ, ഇലക്ട്രിക് ഹൈവേകൾ

**ന്യൂഡൽഹി:** ഡൽഹി ജയ്പൂർ ദേശീയപാതയും നാഗ്പൂർ റിങ് റോഡും ഇലക്ട്രിക് ഹൈവേ ആക്കി മാറ്റാൻ ഉദ്ദേശിക്കുന്നുവെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. റോഡിന്റെ ഒരു വശത്ത് റെയിൽവേ/ മെട്രോ ലൈനിലേതിനു സമാനമായി ഓവർഹെഡ് ഇലക്ട്രിക് ലൈൻ സ്ഥാപിക്കുകയും ട്രക്ക്, ബസ് പോലെയുള്ളവ അതിലേക്ക് ബന്ധിപ്പിച്ച് ഓടിക്കാവുന്നതുമായ സംവിധാനമാണ് ഇലക്ട്രിക് ഹൈവേ. ഈ ലൈനിലൂടെ എത്തുന്ന സോളർ വൈദ്യുതിയായിരിക്കും ഇന്ധനം.

പല രാജ്യങ്ങളിലും ഇലക്ട്രിക് ഹൈവേ സങ്കൽപമുണ്ട്. ഇതിൽ ഓടിക്കാനായി പ്രത്യേകമായി നിർമിക്കപ്പെട്ട വാഹനങ്ങളും വേണം. സാധാരണ റോഡിലേക്ക് കയറുമ്പോൾ ഇത്തരം വാഹനങ്ങൾ ഡീസൽ ഇന്ധനത്തിൽ ഓടും. ടാറ്റ ഗ്രൂപ്പ് ഇതുസംബന്ധിച്ച് അവതരണം നടത്തിയെന്നും ഗഡ്കരി പറഞ്ഞു.

## ജിഎസ്ടി അപ്‌ലറ്റ് ട്രൈബ്യൂണൽ ബെഞ്ചുകൾ: കേന്ദ്രം വിജ്ഞാപനമിറക്കി




**ന്യൂഡൽഹി:** ജിഎസ്ടി സംബന്ധിച്ച തർക്കങ്ങളുടെ രണ്ടാം അപ്പീൽ സംവിധാനമായ ജിഎസ്ടി അപ്‌ലറ്റ് ട്രൈബ്യൂണലിന്റെ ബെഞ്ചുകൾ തിരുവനന്തപുരത്തും എറണാകുളത്തും ആരംഭിക്കാൻ കേന്ദ്രം വിജ്ഞാപനമിറക്കി. ജൂലൈയിലെ ജിഎസ്ടി കൗൺസിൽ തീരുമാനമാണ്. ബെഞ്ചിൽ 2 അംഗങ്ങൾ വീതമുണ്ടാകും. ഒരാൾ ടെക്നിക്കൽ അംഗവും ഒരാൾ ജുഡീഷ്യൽ അംഗവുമായിരിക്കും.



# എയ്റോബിക് ബിൻ പരിപാലനത്തിന് കൂടുതൽ തൊഴിലാളികൾ ; അധികചെലവ് 41.28 ലക്ഷം രൂപ



**തിരുവനന്തപുരം:** പൊതു മാലിന്യ സംസ്കരണത്തിന് കോർപറേഷൻ സ്ഥാപിച്ച എയ്റോബിക് ബിന്നുകളുടെ പരിപാലനത്തിന് ആവശ്യത്തിൽ കൂടുതൽ തൊഴിലാളികളെ നിയമിച്ചതു കാരണം പ്രതിമാസം 41.28 ലക്ഷം രൂപയുടെ അധിക ചെലവെന്ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ട്. 52 സ്ഥിര യൂണിറ്റുകളുടെ പരിപാലനത്തിന് രണ്ടു പേർ വീതവും 47 പോർട്ടബിൾ യൂണിറ്റുകളിലേക്ക് ഓരോരുത്തരും ഉൾപ്പെടെ 151 തൊഴിലാളികളെ നിയമിക്കേണ്ട സ്ഥാനത്ത് മുൻ ഭരണ സമിതി 350 മുതൽ 396 തൊഴിലാളികളെ വരെ നിയമിച്ചെന്നാണ് സിഎജിയുടെ കണ്ടെത്തൽ.

അധിക തൊഴിലാളികളെ നിയമിച്ചിട്ടും 73% മാത്രമാണ് ബിന്നുകളുടെ പ്രവർത്തനം. യൂണിറ്റുകൾ സ്ഥാപിക്കാത്ത രണ്ട് ഹെൽത്ത് സർക്കിളുകളിലും ആസ്ഥാന ഓഫിസിലും 53 തൊഴിലാളികളെ നിയമിച്ചു. 13 യൂണിറ്റുകൾ പ്രവർത്തനരഹിതമായിട്ടും തൊഴിലാളികൾ ജോലിയിൽ തുടർന്നതായാണ് സിഎജിയുടെ കണ്ടെത്തൽ. അന്ന് നിയമിച്ച തൊഴിലാളികൾ ഇപ്പോഴും ജോലിയിൽ തുടരുകയാണ്.

2011 മുതൽ 2015 വരെയുള്ള കാലയളവിൽ പൊതു ചന്തകളിൽ 10 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചെങ്കിലും 8 എണ്ണവും പ്രവർത്തിക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നേന്ത്രക്കായ വിൽക്കുന്ന മണക്കാട് മാർക്കറ്റിലും ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. ഇത് ഉപയോഗിക്കാത്തത് കാരണം പ്രവർത്തനരഹിതമായി. പ്ലാസ്റ്റിക് മാലിന്യം നിക്ഷേപിച്ചതു കാരണം വള്ളക്കടവ് മാർക്കറ്റിലെ പ്ലാന്റ് ഉപയോഗിക്കാൻ കഴിയാതെയായി. കോർപറേഷന്റെ കെടുകാര്യസ്ഥത കാരണമാണ് 2010 ൽ കോയമ്പത്തൂരിൽ നിന്ന് 73.50 ലക്ഷം മുടക്കി വാങ്ങിയ റോഡ് സ്വീപിങ് യന്ത്രം ഉപയോഗിക്കാൻ കഴിയാത്തതെന്ന് റിപ്പോർട്ടിലുണ്ട്. സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാർ ഇല്ലാത്തതിനാൽ യന്ത്രം കൈകാര്യം ചെയ്യാൻ 3 വർഷത്തേക്ക് അതേ കമ്പനിയെ ഏൽപ്പിച്ചു. 99.69 ലക്ഷം അധികമായി നൽകി.

കരാർ പുതുക്കാൻ 2013 ൽ കമ്പനി അപേക്ഷ നൽകിയെങ്കിലും കോർപറേഷൻ അനങ്ങിയില്ല. 8 വർഷങ്ങൾക്കു ശേഷം യന്ത്രം പ്രവർത്തനക്ഷമമാക്കാൻ കോർപറേഷൻ കമ്പനിയെ സമീപിച്ചെങ്കിലും ലാഭകരമാകില്ലെന്ന കാരണത്താൽ ശ്രമം ഉപേക്ഷിച്ചു. സ്വീപിങ് കിറ്റ് നീക്കം ചെയ്ത് വാഹനം ഉപയോഗിക്കാനുള്ള സാധ്യത പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗത്തോട് ആവശ്യപ്പെട്ടെങ്കിലും യന്ത്രത്തിന്റെ ഉപയോഗ സാധ്യത സംബന്ധിച്ച് അവരും ഉറപ്പ് നൽകിയില്ലെന്ന് സിഎജി റിപ്പോർട്ടിലുണ്ട്.

## ലൈബ്രറികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകി

**ആലപ്പുഴ:** ജില്ല പഞ്ചായത്തിന്റെ 202223 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് വാങ്ങി നൽകുന്ന കമ്പ്യൂട്ടറുകളുടേയും മറ്റ് അനുബന്ധ ഉപകരണങ്ങളുടേയും വിതരണോദ്ഘാടനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി നിർവഹിച്ചു. ലൈബ്രറി കൗൺസിൽ അംഗീകാരമുള്ളതും ഭൗതിക സാഹചര്യങ്ങൾ ഉള്ളതുമായ ജില്ലയിലെ 23 ലൈബ്രറികൾക്കാണ് കമ്പ്യൂട്ടറുകൾ നൽകിയത്.

ജില്ല പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് എൻ.എസ്. ശിവപ്രസാദ് അധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷരായ ടി.എസ്. താഹ, ബിനു ഐസക് രാജു, അംഗങ്ങളായ ആർ. റിയാസ്, ബിനിത പ്രമോദ്, ഉത്തമൻ, ജോൺ തോമസ്, സജിമോൾ ഫ്രാൻസിസ്, അഞ്ജു, സെക്രട്ടറി കെ.ആർ. ദേവദാസ് എന്നിവർ സംസാരിച്ചു.

# സംസ്ഥാനത്ത് ശരാശരി കാലവർഷം ലഭിച്ച ഏക ജില്ലയായി വീണ്ടും പത്തനംതിട്ട



**പത്തനംതിട്ട:** സംസ്ഥാനത്ത് ശരാശരി കാലവർഷം ലഭിച്ച ഏകജില്ല എന്ന നേട്ടം കൈവരിച്ച് മഴക്കണക്കിന്റെ പെരുമയിൽ വീണ്ടും നിറഞ്ഞ് പത്തനംതിട്ട. ജൂൺ 1 മുതൽ ഇന്നലെ വരെയുള്ള മൂന്നര മാസത്തിനിടെ ജില്ലയിൽ 114 സെന്റീമീറ്റർ മഴ ലഭിച്ചു. 142 സെമീ ലഭിക്കേണ്ട സ്ഥാനത്ത് 19 % കുറവ്. 19% മഴ കുറ!ഞ്ഞാലും കൂടിയാലും ശരാശരി മഴ കിട്ടിയതായി കണക്കാക്കുന്നതാണ് കാലാവസ്ഥാ വകുപ്പിന്റെ രീതി.ഓഗസ്റ്റ് അവസാനം വരെയും 40 % മഴക്കുറവിൽ നിന്ന ജില്ല രണ്ടാഴ്ചകൊണ്ടാണ് പോരായ്മ നികത്തിയത്.

ശബരിഗിരി പദ്ധതിയുമായി ബന്ധപ്പെട്ട അണക്കെട്ടുകളിൽ ശേഷിയുടെ 42% വെള്ളമുണ്ട് എന്നത് നേരിയ ആശ്വാസം പകരുന്നു.അതേ സമയം സംസ്ഥാനത്ത് മഴക്കുറവ് ഏകദേശം 41% ആണ്. ഇടുക്കിയിലും വയനാടും പാലക്കാടും കോട്ടയവും വടക്കൻ കേരളവുമെല്ലാം മഴക്കുറവു മൂലം വരൾച്ചാ ഭീഷണിയുടെ വക്കിൽ തന്നെയാണ്. ബംഗാൾ ഉൾക്കടലിൽ ഒഡീഷ തീരത്തോടു ചേർന്ന് രൂപപ്പെടാൻ പോകുന്ന മറ്റൊരു ന്യൂനമർദം ഈ ദിവസങ്ങളിൽ കേരളത്തിൽ മഴ എത്തിക്കുമെന്ന് കരുതപ്പെടുന്നു.

സെപ്റ്റംബർ പകുതിയോടെ കാലവർഷം ഉത്തരേന്ത്യയിൽ നിന്നു പിൻവാങ്ങുമ്പോഴും കേരളത്തിൽ മഴ വർധിക്കാൻ സാധ്യതയുണ്ട്. ഒക്ടോബർ പകുതിയോടെ തുലാവർഷം എത്തുമെന്നും ശരാശരി മഴ കിട്ടുമെന്നും നിരീക്ഷകർ സൂചിപ്പിച്ചു. നവംബറിലും മെച്ചപ്പെട്ട മഴ ലഭിക്കും. എന്നാൽ ഡിസംബറിലും ജനുവരിയിലും ശൈത്യകാല മഴ ശരാശരിയിലും കുറയാൻ സാധ്യതയുള്ളതായി ചില ആഗോള കാലാവസ്ഥാ ഏജൻസികൾ പറയുന്നു. ഇപ്പോൾ കിട്ടുന്ന മഴയെ പരമാവധി മണ്ണിലും മറ്റും സംഭരിച്ച് സൂക്ഷിക്കുകയാണ് വേണ്ടത്.

## താത്കാലിക നിയമനത്തിന് അപേക്ഷിക്കാം

**വർക്കല:** ഗവൺമെന്റ് ജില്ലാ ആയുർവേദ ആശുപത്രിയിലേക്ക് സാനിട്ടേഷൻ വർക്കർ,പ്ലംബർ കം ഇലക്ട്രീഷൻ തസ്തികകളിലെ താത്കാലിക നിയമനത്തിന് ഇപ്പോൾ അപേക്ഷിക്കാം.സാനിട്ടേഷൻ വർക്കർ തസ്തികയിൽ രണ്ട് ഒഴിവുകളുണ്ട്.ഏഴാം ക്ലാസ് പാസായിരിക്കണം.ഒരൊഴിവുള്ള പ്ലംബർ കം ഇലക്ട്രീഷൻ തസ്തികയിൽ പി.എസ്.സി നിശ്ചയിക്കുന്ന യോഗ്യതയാണ് വേണ്ടതെന്ന് ചീഫ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തിയ അപേക്ഷ സെപ്റ്റംബർ 26 അഞ്ച് മണിക്ക് മുമ്പായി ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്ക്0470 2605363.

## ഗവൺമെന്റ് പ്ലീഡർ ഒഴിവ്

**വർക്കല:** മുൻസിഫ് കോർട്ടിൽ പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമനം നടത്തുന്നതിലേക്കായി അഭിഭാഷകരുടെ ഒരു പാനൽ തയ്യാറാക്കുന്നു.

നിശ്ചിത യോഗ്യതയുള്ളവരും ബാർ അസോസിയേഷനിൽ രജിസ്റ്റർ ചെയ്ത് അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ളവരും 60 വയസിൽ കവിയാത്തവരുമായ അഭിഭാഷകർക്ക് അപേക്ഷിക്കാവുന്നതാണ്.ജനനത്തീയതി, എന്റോൾമെന്റ് തീയതി,പ്രവൃത്തി പരിചയം,ഫോൺ നമ്പർ,ഇമെയിൽ ഐ.ഡി,ടിയാൾ ഉൾപ്പെട്ട പോലീസ് സ്റ്റേഷൻ പരിധി എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ വിശദമായ ബയോഡാറ്റയും ജനനത്തീയതി,പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളും ബിരുദം, എന്റോൾമെന്റ് സർട്ടിഫിക്കറ്റുകൾ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും കൈകാര്യം ചെയ്തിട്ടുള്ള മൂന്ന് സെഷൻസ് കേസുകളുടെ ജഡ്ജമെന്റ് പകർപ്പുകളും സഹിതം സീനിയർ സൂപ്രണ്ട്, സ്യൂട്ട് സെഷൻ,കളക്ടറേറ്റ്,സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് തിരുവനന്തപുരം695043 എന്ന വിലാസത്തിൽ സെപ്റ്റംബർ 30നകം അപേക്ഷിക്കണമെന്ന് അഡിഷണൽ ഡിസ്ടിക്ക്റ്റ് മജിസ്ട്രേട്ട് അറിയിച്ചു.

## പോസ്റ്റ് ഓഫീസുകൾ വഴി പി.എം. കിസാന്റെ ഗഡു കൈപ്പറ്റാം

**ആലപ്പുഴ:** പി.എം. കിസാന്റെ ഗഡുക്കൾ മുടങ്ങി കിടക്കുന്നവർക്കും പുതായതായി പി.എം. കിസാൻ പദ്ധതിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്കും പോസ്റ്റ് ഓഫീസുകളിലൂടെ പ്രത്യേക സേവനം ഒരുക്കുന്നു. ഗുണഭോക്താക്കൾക്ക് സമീപത്തുള്ള പോസ്റ്റ് ഓഫീസിലെത്തി എ.പി.പി.ബി. അക്കൗണ്ട് ആരംഭിച്ച് ആധാർ സീഡഡ് അക്കൗണ്ട് ഉൾപ്പടെയുള്ള വിവിധ സേവനങ്ങൾ നേടാം. ഓക്ടോബർ മാസത്തിൽ പി.എം. കിസാന്റം അടുത്ത ഗഡു ലഭിക്കും.

അക്കൗണ്ട് തുറക്കുന്നതിനായി ഗുണഭോക്താക്കൾ ആധാർ കാർഡും മൊബൈൽ ഫോണും കയ്യിൽ കരുതണം. പി.എം. കിസാന്റെ ഇകെ.വൈ.സി.യും ലാന്റ് വെരിഫിക്കേഷനും അക്ഷയ കേന്ദ്രങ്ങൾ വഴി പൂർത്തിയാക്കണം.

## മധുവിന്റെ നവതിയാഘോഷം: മധുമൊഴി ആഘോഷപൂർവം ഇതിഹാസപർവം 23ന്



**തിരുവനന്തപുരം:** നടൻ മധുവിന്റെ നവതിയാഘോഷം തിരുവനന്തപുരം നിശാഗന്ധിയിൽ 23 ന് നടക്കും. മധുമൊഴി ആഘോഷപൂർവം ഇതിഹാസപർവം എന്ന പേരിലാണ് ആഘോഷം. മധുവിന് മലയാള ചലച്ചിത്ര മേഖലയുടെ ആദരം അർപ്പിക്കലിന്റെ ഭാഗമായാണ് പരിപാടി. തിരുവനന്തപുരം ഫിലിം ഫ്രട്ടേണിറ്റിയാണ് മുഖ്യ സംഘാടകർ. വൈകിട്ട് 6.15 ന് നിശാഗന്ധിയിൽ നടക്കുന്ന പരിപാടിയിൽ മോഹൻലാൽ ഉൾപ്പെടെ മലയാള ചലച്ചിത്ര മേഖലയിലെ പ്രമുഖർ പങ്കെടുക്കുമെന്നു ഫിലിം ഫ്രട്ടേണിറ്റി ഭാരവാഹികളായ ജി.സുരേഷ് കുമാർ, കല്ലിയൂർ ശശി, എം.രഞ്ജിത്, ചന്ദ്രസേനൻ നായർ, കീരിടം ഉണ്ണി, ബി.രാകേഷ് എന്നിവർ അറിയിച്ചു.

മധുവിന്റെ സിനിമകളിലെ ഗാനങ്ങൾ കോർത്തിണക്കിയ സംഗീത നിശയുണ്ടാകും. നാൽപതോളം സംഗീത പ്രതിഭകൾ ഇതിൽ പങ്കാളികളാകും. ഗായകരായ ചിത്ര, സുജാത, എം.ജി.ശ്രീകുമാർ തുടങ്ങിയവർ പങ്കെടുക്കും. സംവിധായകൻ രാജീവ് കുമാറാണ് സംഗീത നിശ ഡയറക്ട് ചെയ്യുന്നത്. നവതി ആഘോഷത്തിന്റെ കർട്ടൻ റൈസറായി 22 ന് വൈകിട്ട് 6.45 ന് മധുമൊഴിയെന്ന പരിപാടി നടത്തും.

വഴുതക്കാട് ടഗോർ തിയറ്ററിൽ നടക്കുന്ന ചടങ്ങിൽ ദേശീയ അവാർഡ് ജേതാവ് ഇന്ദ്രൻസിനെ ആദരിക്കും. മധുവിന്റെ ചലച്ചിത്ര ജീവിതത്തെ കുറിച്ചുള്ള ഡോക്യുമെന്ററി അഭ്രപാളികളിലെ മധുരം ചടങ്ങിൽ പ്രദർശിപ്പിക്കും.

## നിപ നിയന്ത്രണവിധേയമെന്ന് മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം:** കോഴിക്കോട് ജില്ലയിൽ നിപ നിയന്ത്രണ വിധേയമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നിപ അവലോകന യോഗത്തിന് ശേഷം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. ഇന്ന് പുതിയ പോസിറ്റീവ് കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. നിപ പോസിറ്റീവായി ആശുപത്രികളിൽ കഴിയുന്നവരുടെ ആരോഗ്യ നില തൃപ്തികരമാണെന്നും മന്ത്രി പറഞ്ഞു. 51 പരിശോധനാ ഫലങ്ങൾ കൂടി ഇന്ന് വരാനുണ്ട്.

നിപ സ്ഥിരീകരിച്ച വ്യക്തികളുമായി നേരിട്ട് സമ്പർക്കത്തിലായ അഞ്ച് പേരെ കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിവിധ കണ്ടെയിൻമെന്റ് സോണുകളിലായി 22208 വീടുകൾ സന്ദർശിച്ചു. നിപ സ്ഥിരീകരിച്ച് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വ്യക്തിയുമായും വെന്റിലേറ്ററിൽ കഴിയുന്ന ഒമ്പത് വയസ്സുകാരന്റെ മാതാവുമായും വീഡിയോ കോളിലൂടെ സംസാരിച്ചെന്നും മന്ത്രി പറഞ്ഞു. നിപ പ്രതിരോധ പ്രവർത്തനങ്ങളിൽ കേന്ദ്ര സംഘത്തിന്റെ നിർദേശങ്ങളും പരിഗണിച്ചാണ് മുന്നോട്ടുപോകുന്നതെന്നും മന്ത്രി പറഞ്ഞു.

നിപ പ്രതിരോധ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച 19 കോർ കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ മികച്ച രീതിയിലാണ് നടക്കുന്നതെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. ആരോഗ്യവകുപ്പിനെയും ജില്ലാ ഭരണകൂടത്തെയും മറ്റ് വകുപ്പുകളെയും മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ വാർത്ത പ്രചരിപ്പിച്ചതിനും ഉത്തരവ് ലംഘിച്ച് പരിപാടി നടത്തിയതിനും ഓരോ കേസുകൾ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രിയിലുള്ള രോഗിയുടെ ചികിത്സാ ചെലവ് നൽകേണ്ടതില്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചതായി മന്ത്രി പറഞ്ഞു. ഇത് രോഗിയുടെ ബന്ധുക്കളെ അറിയിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ ചികിത്സയിലുള്ളവരുടെ ചെലവ് ഏറ്റെടുക്കുന്ന കാര്യത്തിൽ അനുഭാവപൂർണമായ നിലപാടാണ് സർക്കാരിനുള്ളതെന്നും മന്ത്രി പറഞ്ഞു.

ജില്ലാ കലക്ടർ എ ഗീത, സബ് കലക്ടർ വി ചെൽസാസിനി, അസിസ്റ്റന്റ് കലക്ടർ പ്രതീക് ജെയിൻ, എ ഡി എം സി.മുഹമ്മദ് റഫീഖ്, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.റീന കെ.ജെ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രാജാറാം, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, എന്നിവർ കലക്ടറേറ്റിൽ നടന്ന അവലോകന യോഗത്തിൽ പങ്കെടുത്തു.

# കാലത്തിന്റെ മാറ്റം ആദ്യം തിരിച്ചറിയേണ്ടത് എൻജിനീയർമാർ : മന്ത്രി പി.എ മുഹമ്മദ് റിയാസ്



**കൊച്ചി:** കാലാനുസൃതമായ മാറ്റങ്ങൾക്കാണ് പൊതുമരാമത്ത് വകുപ്പ് സാക്ഷ്യം വഹിക്കുന്നതെന്നും കാലത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞ് ആദ്യം പ്രവർത്തിക്കേണ്ട വിഭാഗമാണ് എഞ്ചിനീയർമാർ എന്നും പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. നേര്യമംഗലത്ത് പണികഴിപ്പിച്ചിട്ടുള്ള പി.ഡബ്ല്യു.ഡി പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനോദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നൂതനമായ സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനെ പരമാവധി ആധുനികവത്ക്കരിക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്.1300 എഞ്ചിനീയർമാരും 4500 അനുബന്ധ ജീവനക്കാരും ആറായിരത്തിനടുത്ത് മറ്റു ജീവനക്കാരും ഉൾപ്പെടുന്ന വകുപ്പാണ് പൊതുമരാമത്ത്. ആധുനിക സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തുന്നതിൽ നമുക്ക് തടസ്സങ്ങളൊന്നുമില്ല. എന്നാൽ അതിന്മേലുള്ള ശാസ്ത്രീയ പരിശീലനം ഉറപ്പാക്കുന്നതിൽ പരിമിതികൾ നേരിടുന്നുണ്ട്. ആ പരിമിതിയെ മുറിച്ചു കടക്കുന്നതിന് പുതിയതായി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന നേര്യമംഗലത്തെ പരിശീലന കേന്ദ്രം ഏറെ സഹായകരമാകും. അത്തരത്തിൽ വലിയ ചുടുവെയ്പ്പാണ് നേര്യമംഗലത്തെ പരിശീലന കേന്ദ്രവും റസ്റ്റ് ഹൗസ് ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ സൗകര്യങ്ങളുമെന്നും അദ്ദേഹം പറഞ്ഞു. കാലത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞ് ആദ്യം പ്രവർത്തിക്കേണ്ട വിഭാഗമാണ് എഞ്ചിനീയർമാർ. ആ നിലയിൽ പി.ഡബ്ല്യു.ഡി എഞ്ചിനീയർമാരിൽ നിന്നും ഇനിയും വിലപ്പെട്ട സംഭാവനകൾ പ്രതീക്ഷിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകൾ ജനകീയ റസ്റ്റ് ഹൗസുകൾ ആക്കിക്കൊണ്ട് 2021 നവംബർ ഒന്നു മുതൽ ഓൺലൈൻ ബുക്കിംഗ് ആരംഭിക്കുകയുണ്ടായി. ഏറെ ജനോപകാരപ്രദമായ നടപടി എന്ന നിലയിൽ വലിയ സ്വീകരണമാണ് ഈ പദ്ധതിക്ക് ലഭിച്ചത്. ഇതുവഴി പത്തു കോടിയോളം രൂപയുടെ വരുമാനമാണ് ലഭിച്ചതെന്നും അദ്ദേഹം പറഞ്ഞു. പ്രവർത്തന ഉദ്ഘാടനത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 150 പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്കുള്ള പരിശീലനവും സംഘടിപ്പിച്ചിരുന്നു. നേര്യമംഗലത്ത് പെരിയാറിനോട് ചേർന്ന് പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആറ് ഏക്കർ സ്ഥലത്താണ് പൊതുമരാമത്ത് വകുപ്പ് പരിശീലന കേന്ദ്രവും പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസും നിർമ്മിച്ചിട്ടുള്ളത്. കോൺഫറൻസ് ഹാൾ, മിനി കോൺഫറൻസ് ഹാൾ, ഓഡിയോ വിഷ്വൽ ഹാൾ, ലൈബ്രറി, അഞ്ച് സെമിനാർ ഹാൾ, കിച്ചൺ , ഡൈനിംഗ് ഹാൾ എന്നീ സൗകര്യങ്ങൾ ഉൾപ്പെടെ 4768 ചതുരശ്ര മീറ്റർ വലുപ്പമാണ് ട്രെയ്നിങ് സെന്ററിനുള്ളത്.അഞ്ച് നിലകളിലായി 3517 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള റസ്റ്റ് ഹൗസിൽ 45 വിശ്രമ മുറികളും മൂന്ന് സ്യൂട്ട് മുറികളുമുണ്ട്. പരിശീലനത്തിലെത്തുന്ന ഉദ്യോഗസ്ഥർക്ക് ഇവിടെ താമസിക്കാം. 276 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും ഇവിടെയുണ്ട്. ഇതുവഴി ഉദ്യോഗസ്ഥർക്ക് പ്രായോഗിക പരിശീലനത്തിനും അവസരം ലഭിക്കുന്നു. വിവിധഘട്ടങ്ങളിലായി 25.83 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളത്.ഉദ്ഘാടന സമ്മേളനത്തിൽ ആന്റണി ജോൺ എം.എൽ.എ അധ്യക്ഷത വഹിച്ചു. മുൻമന്ത്രി ടി.യു കുരുവിള, കവളങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിബി മാത്യു, ബ്ലോക്ക് പഞ്ചായത്ത് അംഗം പി.എം കണ്ണൻ, വാർഡ് മെമ്പർ സൗമ്യ ശശി, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളായ ഷാജി മുഹമ്മദ്, പി.റ്റി ബെന്നി, ബാബു ഏലിയാസ്, എ.ടി പൗലോസ്, ബേബി പൗലോസ്, സാജൻ അമ്പാട്ട്, മനോജ് ഗോപി, ടി.പി രാമകൃഷ്ണൻ, പൊതുമരാമത്ത് ഡിസൈൻ വിഭാഗം ഡയറക്ടർ എസ്.സജു, പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ടിങ് എഞ്ചിനീയർ വി. കെ ശ്രീമാല, എക്സിക്യൂട്ടീവ് എഞ്ചിനീയർ ജെസ്സി മോൾ ജോഷ്വാ, മറ്റ് ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ശബരിമലയിൽ ഹൈഡ്രോളിക് മേൽക്കൂര നിർമാണം പുനരാരംഭിച്ചു




**ശബരിമല :** പതിനെട്ടാം പടിക്കു മുകളിലെ ഹൈഡ്രോളിക് മേൽക്കൂര നിർമാണം സന്നിധാനത്ത് പുനരാരംഭിച്ചു . 6 മാസമായി പണികൾ മുടങ്ങി കിടക്കുകയായിരുന്നു. ഇതു തീർഥാടനത്തെ ദോഷമായി ബാധിക്കുമെന്ന മനോരമ വാർത്തയെ തുടർന്നു ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.അനന്തഗോപൻ ഇടപെട്ടു. തീർഥാടനത്തിനു നട തുറക്കും മുൻപ് പണി പൂർത്തിയാക്കണമെന്ന് അദ്ദേഹം നിർദേശം നൽകി. ചെങ്ങന്നൂർ സ്വദേശി മഹേഷ് പണിക്കർ, പ്രകാശ് പണിക്കർ എന്നിവരുടെ പണിശാലയിൽ കൊത്തിയെടുത്ത കരിങ്കൽ തൂണുകൾ കഴിഞ്ഞ ദിവസം വാഹനത്തിൽ പമ്പയിൽ എത്തിച്ചു. അവിടെ നിന്നു ട്രാക്ടറുകളിൽ അതീവ സുരക്ഷിതമായാണു സന്നിധാനത്തേക്കു കൊണ്ടുവന്നത്. രാത്രി തന്നെ ഇവ സ്ഥാപിക്കുന്ന പണികളും തുടങ്ങി പതിനെട്ടാംപടിക്കൽ ക്രെയിൻ ഉപയോഗിക്കാൻ പറ്റാത്തതിനാൽ ചെയിൻ ബ്ലോക്ക് സ്ഥാപിച്ചാണ് കരിങ്കല്ലുകൾ ഉയർത്തിയത്.

ഹൈദരാബാദ് ആസ്ഥാനമായ വിശ്വ സമുദ്ര കൺസ്ട്രക്ഷൻ കമ്പനി 70 ലക്ഷം രൂപ മുടക്കി വഴിപാടായാണ് ഇത് നിർമിച്ച് ദേവസ്വം ബോർഡിന് കൈമാറുന്നത്. ദേവസ്വം ചീഫ് എൻജിനീയർ (ജനറൽ) ആർ. അജിത്കുമാർ, കോ ഓർഡിനേറ്റർ കെ.റെജികുമാർ , രൂപരേഖ തയാറാക്കിയ ചെന്നൈ ആസ്ഥാനമായ ക്യാപ്പിറ്റൽ എൻജിനീയറിങ് കൺസൽറ്റൻസി എൻജിനീയർ ശ്രീകുമാർ, ശബരിമല എക്സിക്യൂട്ടീവ് ഓഫിസർ വി.കൃഷ്ണകുമാർ എന്നിവർ സന്നിധാനത്ത് ക്യാംപ് ചെയ്തു മേൽനോട്ടം വഹിക്കുന്നു. ഉയരം കൂടിയ വലിയ തൂണിന്റെ പണിയാണ് നടക്കുന്നത്. കരിങ്കല്ലുകൾ ഉറപ്പിക്കുന്ന പണികൾ രണ്ട് ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുശേഷം മേൽക്കൂരയിൽ ഉറപ്പിക്കാനുള്ള ഗ്ലാസിന്റെ അളവെടുക്കും. ബെംഗളൂരുവിലുള്ള സ്വകാര്യ കമ്പനിയാണ് ഇതിനുള്ള ഗ്ലാസ് നിർമിക്കുന്നത്. ഒരുമാസത്തിനുള്ളിൽ ഗ്ലാസ് നിർമിച്ച് സന്നിധാനത്ത് എത്തിക്കുമെന്നു കമ്പനിയും ഉറപ്പു നൽകിയിട്ടുണ്ട്.

# വേമ്പനാട്ടു കായലിലെ പോള ശല്യം ജല ഗതാഗതത്തിന് ഭീഷണിയാകുന്നു



**വൈക്കം:** വേമ്പനാട്ടു കായലിൽ പോള ശല്യം രൂക്ഷമായത് ജല ഗതാഗതത്തെയും മത്സ്യബന്ധനത്തെയും പ്രതിസന്ധിയിലാക്കുന്നു. വൈക്കം തവണക്കടവ് ജലപാതയിൽ സർവീസ് നടത്തുന്ന ബോട്ടുകളുടെ പ്രൊപ്പല്ലറിൽ പോളയും പായലും ചുറ്റി ബോട്ടിന് യന്ത്ര തകരാർ സംഭവിക്കുന്നത് പതിവായി മാറിയിരിക്കുകയാണ്. കഴിഞ്ഞ ദിവസം നേരേകടവ് മാക്കേകടവ് ജലപാതയിൽ ജങ്കാറിന്റെ പ്രൊപ്പല്ലറിൽ പായൽ ചുറ്റി നിയന്ത്രണം തെറ്റി തിങ്ങി നിറഞ്ഞ പായലിലേക്കു ജങ്കാർ കയറി കുടുങ്ങി മൂന്ന് മണിക്കൂറുകൾക്കു ശേഷം ചെമ്മനാകരി മണപ്പുറം ജലപാതയിൽ സർവീസ് നടത്തിയിരുന്ന ജങ്കാർ എത്തിച്ചാണ് യാത്രക്കാരെ കരയിൽ എത്തിച്ചത്.

വൈക്കം ബോട്ട് ജെട്ടിയിൽ പോളയും പായലും തിങ്ങിയതോടെ ബോട്ട് കരയ്ക്ക് അടുപ്പിക്കാൻ പറ്റാത്ത സാഹചര്യമാണ്. പ്രൊപ്പല്ലറിൽ പായൽ ചുറ്റി ബോട്ടിന്റെ നിയന്ത്രണം വിടാനുള്ള സാധ്യത ഏറെയാണ്. അതോടൊപ്പം യന്ത്ര തകരാറും സംഭവിക്കാം. പലതവണ യന്ത്ര തകരാർ സംഭവിച്ച് സർവീസ് മുടങ്ങിയിട്ടുണ്ട്. പോളയും പായലും നീക്കം ചെയ്യാൻ നിരവധി സംവിധാനം ഉണ്ടെങ്കിലും അധികൃതർ പ്രയോജനപ്പെടുത്തുന്നില്ല. അടിയന്തരമായി പോളയും പായലും നീക്കം ചെയ്ത് യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തണം.

വൃശ്ചിക മാസത്തിലെ ശക്തമായ വേലിയേറ്റ സമയത്ത് തണ്ണീർമുക്കം ബണ്ടിലെ ഷട്ടർ അടഞ്ഞു കിടക്കുന്നതു മൂലം ഓരുവെള്ളത്തിന്റെ സാന്നിധ്യം ഇല്ലാത്തതാണ് പോള വർധിക്കാൻ കാരണം. വേലിയേറ്റ സമയത്ത് ഷട്ടർ തുറന്നിട്ടാൽ ഉപ്പുവെള്ളം കയറി പായൽ പൂർണമായും കരിഞ്ഞ് നശിക്കും.

പാടശേഖരങ്ങളിലെ രാസവളം കീടനാശിനി ഉൾപ്പെടെ അടങ്ങിയ വെള്ളം ശുദ്ധീകരിക്കാനും ഇത് സഹായകരമാണ്.

പോള പായൽ കായലിന്റെ തീരത്ത് അടിഞ്ഞു കൂടുന്നതു കാരണം മത്സ്യ തൊഴിലാളികളുടെ ജലഗതാഗത മാർഗം തടസ്സപ്പെട്ടിരിക്കുകയാണ്. ഇതിന് അടിയന്തര പരിഹാരം കണ്ടെത്തണം.

# കേരളത്തിൽ മികച്ച കായിക സംസ്കാരം വളർത്തിയെടുക്കും: മന്ത്രി




**തൃശൂർ:** കേരളത്തിൽ മികച്ച കായിക സംസ്കാരം വളർത്തിയെടുക്കുമെന്ന് മന്ത്രി ബിന്ദു. ജില്ലാ സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന മയക്കുമരുന്ന് ദുരുപയോഗവും സാമൂഹ്യ പ്രത്യാഘാതവും കായിക വാസന ഏറെ ഫലപ്രദം സെമിനാർ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

വിദ്യാർഥികളുടെയും യുവാക്കളുടെയും ഏകാഗ്രതയും ബുദ്ധിശക്തിയും സർഗശേഷിയുമെല്ലാം ഏറ്റവുമധികം വികസിക്കുന്നത് ശാരീരികമായ സ്വസ്ഥതയും ആരോഗ്യവും കൈവരിക്കുമ്പോഴാണ്. ആരോഗ്യമുള്ള ഒരു ശരീരത്തിലേ ആരോഗ്യമുള്ള മനസ്സും മസ്തിഷ്കവും ഉണ്ടാകൂ. ഒരു കായിക സംസ്കാരം സാമൂഹിക ആരോഗ്യമുള്ള ജനതയെ വളർത്തുമെന്ന കാര്യത്തിൽ തർക്കമില്ല.പരസ്പരം സ്നേഹത്തോടെയും ഐക്യത്തോടെയും സഹവർത്തിത്വയോടെയും ജീവിക്കാൻ ഏറ്റവുമധികം സഹായകരമാകുന്ന മികച്ച കായിക സംസ്കാരം വളർത്തിയെടുക്കണം. ലഹരിയിൽ നിന്ന് യുവതലമുറയെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും അതിനായി സ്വയം അവബോധം നൽകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ബിന്നി ഇമ്മേട്ടി അധ്യക്ഷനായി. ഡോ. ജോമി ജിസി സെമിനാർ അവതരിപ്പിച്ചു.ദിലീപ് ഹേബിൾ, ഐ ജി എൻ ഐ മാത്യു, എ പി ജോഷി, ബേബി പൗലോസ്, വി എം ബഷീർ തുടങ്ങിയവർ പങ്കെടുത്തു.

# താലൂക്ക് ആസ്ഥാന മന്ദിരം: 12.422 കോടിയുടെ ഭരണാനുമതി

**കുന്നംകുളം:** താലൂക്ക് ആസ്ഥാന മന്ദിരം നിർമ്മാണത്തിന് 12.422 കോടി രൂപയുടെ രണ്ടാംഘട്ട ഭരണാനുമതി കൂടി ലഭ്യമായി. ഒന്നാംഘട്ടവും രണ്ടാംഘട്ടവും ഒരുമിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ദ്രുതഗതിയിലാക്കാനാണ് തീരുമാനം.

എസി മൊയ്തീൻ എംഎൽഎ മന്ത്രിയായിരിക്കെ നടത്തിയ ശ്രമഫലമായാണ് കുന്നംകുളത്തിന് താലൂക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി ലഭിച്ചത്. സംസ്ഥാന ബജറ്റിൽ 20 കോടി രൂപ രണ്ട് ഘട്ടങ്ങളിലായി പ്രഖ്യാപിച്ചിരുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിനായി പ്രഖ്യാപിച്ചതിനേക്കാൾ അധിക തുക അനുവദിക്കണമെന്ന് പൊതുമരാമത്ത് വിഭാഗം ആവശ്യപ്പെട്ടതിനെ തുടർന്ന് എംഎൽഎ ഇടപെട്ടാണ് ഇപ്പോൾ അധിക തുകയ്ക്ക് ഭരണാനുമതി ലഭിച്ചത്. ആകെ 22.422 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

കുന്നംകുളം നഗരസഭാ പ്രദേശത്തെ കുറുക്കൻ പാറയിൽ നാലേക്കർ സ്ഥലത്താണ് നവീന രീതിയിലുള്ള താലൂക്ക് ആസ്ഥാന മന്ദിരം പണിയുന്നത്. കെട്ടിടം പണിയുന്നതിനു മുന്നോടിയായി 1.6 കോടി രൂപ ചിലവിൽ ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുകയാണ്. നാല് നിലയിൽ നിർമ്മിക്കുന്ന കെട്ടിടത്തിനുള്ളിൽ നിശ്ചിത സ്ഥലത്ത് വിവിധ ഓഫീസുകളെ ഉൾപ്പെടുത്തും. വീഡിയോ കോൺഫറൻസ് ഹാൾ ഉൾപ്പെടെയാണ് സജ്ജമാക്കുന്നത്.

## കാങ്കപുഴ റഗുലേറ്റർ കം ബ്രിജ്; ഗർഡറുകൾ സ്ഥാപിച്ചു

**കുമ്പിടി:** കാങ്കപുഴ റഗുലേറ്റർ കം ബ്രിജ് കാങ്കപുഴ കടവ് ഭാഗത്തെ ഗർഡറുകൾ സ്ഥാപിക്കൽ പുരോഗമിക്കുന്നു. ജില്ലയോടു ചേർന്ന് കിടക്കുന്ന ഭാഗത്തെ 20 തൂണുകളുടെ പണി പൂർത്തിയായ സാഹചര്യത്തിൽ ഇതിനു മുകളിലെ ഗർഡറുകളാണ് ഇപ്പോൾ സ്ഥാപിക്കുന്നത്. കഴിഞ്ഞ ഡിസംബറിലാണു ബ്രി!ജിന്റെ ജോലികൾ ആരംഭിച്ചത്. 103 കോടി രൂപയ്ക്കാണു 418 മീറ്റർ നീളം വരുന്ന റഗുലേറ്റർ കം ബ്രിജിന്റെ കരാർ. 11 മീറ്റർ വീതിയുള്ള പാലത്തിൽ ഇരുവശത്തും ഒന്നര മീറ്റർ വീതിയിൽ നടപ്പാതയും ഉണ്ടാകും.

ഗർഡറുകൾ സ്ഥാപിക്കുന്നതോടെ മുകളിലെ മറ്റു ജോലികൾ പുഴയിൽ വെള്ളം കയറിയാലും തടസ്സമില്ലാതെ നടത്താനാകും. ഇരുകരയിലുമായി 2080 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ് നിർമാണത്തിനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. 30 ഷട്ടറുകളുള്ള ബ്രിജ് യാഥാർഥ്യമാകുന്നതോടെ മലപ്പുറം, പാലക്കാട് ജില്ലകളിലെ അഞ്ചു പഞ്ചായത്തുകളിലെ ജലസേചന, ശുദ്ധജല പദ്ധതികൾക്ക് ഏറെ ഗുണം ചെയ്യുന്നതോടൊപ്പം ഗതാഗതം, ടൂറിസം രംഗത്തും വലിയ കുതിപ്പുണ്ടാകും.

## ഉരുൾപൊട്ടൽ ഭീഷണി; പൊന്മുഖം മലയിൽ വിദഗ്ധ പരിശോധന

**നെല്ലായ:** പൊട്ടച്ചിറ പൊന്മുഖം മലയിൽ ഒറ്റപ്പാലം തഹസിൽദാരും മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരും കലക്ടറുടെ നിർദേശത്തെ തുടർന്നു വീണ്ടും പരിശോധന നടത്തി. മലയിലെ ക്വാറിയുടെ പ്രവർത്തനം വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്കിട വരുത്തുമെന്ന പരാതി നിലനിൽക്കെയാണു തഹസിൽദാർ സി.എം.അബ്ദുൽ മജീദിന്റെ നേതൃത്വത്തിൽ ഇന്നലെ ഉച്ചയ്ക്കു ശേഷം 2.30നു മലയിൽ പരിശോധന നടത്തിയത്.

പാലക്കാട് മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥൻ എം.വി.വിനോദും നെല്ലായ വില്ലേജ് ഓഫിസർ സന്ധ്യമോളും ഒപ്പമുണ്ടായിരുന്നു. പരിശോധന സമയത്തു ക്വാറി വിരുദ്ധ സമരസമിതി നേതാക്കളും മലയിൽ എത്തിയിരുന്നു.മലയിൽ ക്വാറി നിലവിൽ പ്രവർത്തിക്കുന്നില്ലെങ്കിലും പ്രദേശത്ത് ഉരുൾപൊട്ടൽ ഭീതിയുണ്ടെന്നു ചൂണ്ടിക്കാട്ടി കലക്ടർക്കു ലഭിച്ച പരാതിയെ തുടർന്നാണു പരിശോധനയെന്നു തഹസിൽദാർ പറഞ്ഞു.

മലയിലെ നിലവിലെ സ്ഥിതിയും അപകടസാധ്യതയും സമര സമിതി നേതാക്കൾ സംഘത്തെ ധരിപ്പിച്ചു.പരിശോധനാ റിപ്പോർട്ട് കലക്ടർക്കു സമർപ്പിക്കുമെന്നു തഹസിൽദാർ അറിയിച്ചു.എന്നാൽ, ക്വാറിയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിയിട്ടുണ്ടെങ്കിലും ഭീതിജനകമായ അവസ്ഥയാണു മലയിലെന്നു ക്വാറി വിരുദ്ധ സമരസമിതി നേതാവ് എം.മൊയ്തീൻകുട്ടി പറഞ്ഞു.

## 1000 കോടിയുടെ നിക്ഷേപ പ്രതീക്ഷയുമായി റൈസിങ് കാസർകോട് നിക്ഷേപക സംഗമം

**കാസർകോട് :** ജില്ലയുടെ നിക്ഷേപ സാധ്യതകൾക്ക് കരുത്ത് പകരാൻ ജില്ലാ പഞ്ചായത്തും ജില്ലാ വ്യവസായ കേന്ദ്രവും സംഘടിപ്പിക്കുന്ന 'റൈസിങ് കാസർകോട്' നിക്ഷേപക സംഗമം 18,19 തീയതികളിൽ നടക്കും. ജില്ലയിലെ സംരംഭകരുടെയും യുവാക്കളുടെയും ആശയങ്ങളും പ്രൊജക്ടുകളും ജില്ലയ്ക്കകത്തും പുറത്തുമുള്ള നിക്ഷേപകരുടെ മുന്നിൽ അവതരിപ്പിക്കും. ചെറുകിടവൻകിട വ്യവസായം 8, ടൂറിസം മേഖല 5,  വിവര സാങ്കേതിക മേഖല 2 എന്നിങ്ങനെ 15 പ്രൊജക്ട് ആശയങ്ങളാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന്  ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ, സ്ഥിരം സമിതി അധ്യക്ഷൻ എം.മനു, വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.സജിത് കുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫിസർ എം.മധുസൂദനൻ, വ്യവസായ കേന്ദ്രം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആദിൽ മുഹമ്മദ് എന്നിവർ അറിയിച്ചു.

18ന് രാവിലെ 9.30ന് ഉദുമ ലളിത് ഹോട്ടലിൽ മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. മന്ത്രി അഹമ്മദ് ദേവർകോവിൽ അധ്യക്ഷത വഹിക്കും. രാജ്മോഹൻ ഉണ്ണിത്താൻ എംപി, എംഎൽഎമാർ എന്നിവർ പങ്കെടുക്കും. ഉച്ചയ്ക്ക് 12 ന് കാസർകോടിന്റെ അനന്ത സാധ്യതകൾ ചീഫ് സെക്രട്ടറി ഡോ.വി.വേണുവും കേരളത്തിന്റെ വ്യവസായ നയം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം.മുഹമ്മദ് ഹനീഷും അവതരിപ്പിക്കും. 2ന് ജില്ലാ വ്യവസായ കേന്ദ്രം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആദിൽ മുഹമ്മദ്, ഡിടിപിസി സെക്രട്ടറി ലിജോ ജോസഫ്, സയ്യിദ് സവാദ് (സ്റ്റാർട്ട് അപ് മിഷൻ), എം.എൻ.പ്രസാദ് (നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സ്) എന്നിവർ നിക്ഷേപകർക്കു മുന്നിൽ പ്രൊജക്ട് ആശയങ്ങൾ അവതരിപ്പിക്കും. വൈകിട്ട് 4ന് സംരംഭക പിന്തുണാ സംവിധാനങ്ങളെ കുറിച്ച് കേരള ഡവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ സെക്രട്ടറി പി.വി.ഉണ്ണിക്കൃഷ്ണൻ ക്ലാസെടുക്കും. ശേഷം നിക്ഷേപകർ അനുഭവങ്ങൾ പങ്കുവെയ്ക്കും

19ന് രാവിലെ 9.30ന് ജില്ലയിലെ ആരോഗ്യ മേഖലയിലെ നിക്ഷേപ സാധ്യത ഡിഎംഒ ഡോ.എ.വി രാംദാസ് അവതരിപ്പിക്കും. 10.30 ന് മാലിന്യ നിർമാർജന രംഗത്തെ നിക്ഷേപ സാധ്യതകൾ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ അവതരിപ്പിക്കും.

# ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ പുതിയ പീഡിയാട്രിക്ക് ബ്ലോക്ക് തുറന്നു

## കൊവിഡിനു ശേഷം രോഗങ്ങളും മരണങ്ങളും വർധിക്കുന്നതിൽ പഠനം വേണം : പ്രതിപക്ഷ നേതാവ് വി ഡി സതീശൻ



എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ആധുനിക രീതിയിൽ സജ്ജമാക്കിയ പുതിയ പീഡിയാട്രിക് ബ്ലോക്കിന്റെ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നിർവ്വഹിക്കുന്നു. അജയ് തറയിൽ, എം.ഒ ജോൺ, ഹൈബി ഈഡൻ എം.പി, ടി ജെ വിനോദ് എം.എൽ.എ, അഡ്വ.ബി.എ അബ്ദുൾ മുത്തലിബ് തുടങ്ങിയവർ മുൻ നിരയിൽ

**കൊച്ചി:**എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ആധുനിക രീതിയിൽ സജ്ജമാക്കിയ പുതിയ പീഡിയാട്രിക് ബ്ലോക്ക് നാടിന് സമർപ്പിച്ചു. ആശുപത്രി അങ്കണത്തിൽ നടന്ന ചടങ്ങിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നവീകരിച്ച പീഡിയാട്രിക് ബ്ലോക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ആതുര സേവന രംഗത്ത് ശക്തമായ സാന്നിധ്യമായി നിലകൊള്ളുന്ന ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി പൊതു സമൂഹത്തിന് എന്നും മുതൽക്കൂട്ടാണെന്ന് വി ഡി സതീശൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കൊവിഡിനു ശേഷം പൊതുസമൂഹത്തിൽ രോഗങ്ങളും മരണങ്ങളും അസാധാരണമാം വിധം ഗൗരമായതരത്തിൽ വർധിച്ചുവരുന്നതായി വി ഡി സതീശൻ പറഞ്ഞു. കൊവിഡിന്റെ പ്രത്യാഘാതമാണോ അതോ മറ്റു വല്ലതുമാണോ ഇത്തരത്തിൽ മരണനിരക്ക് ഉയരുന്നതിനു കാരണമെന്ന് സർക്കാരും ആരോഗ്യവകുപ്പും ഗൗരവമായി പഠനം നടത്തണമെന്നും വി.ഡി സതീശൻ ആവശ്യപ്പെട്ടു. കൊവിഡിനു ശേഷം വ്യാപകമായി ഹൃദയസംബന്ധമായ അസുഖങ്ങളും സ്ട്രോക്കും വർധിക്കുന്നുണ്ട്. ഒപ്പം ശ്വാസകോശത്തിലും രക്തത്തിലും അണുബാധയുണ്ടാകുന്നതും വർധിച്ചുവരുന്നുണ്ട്. എന്നാൽ നിർഭാഗ്യവശാൽ കേരളത്തിൽ ഇത് സംബന്ധിച്ച് യാതൊരുവിധ പഠനമോ പരിശോധനയോ നടക്കുന്നില്ലെന്നും വി.ഡി സതീശൻ പറഞ്ഞു. ആരോഗ്യ സംബന്ധമായ വിഷയത്തിൽ യാതൊരുവിധ ഡാറ്റയും സർക്കാരിന്റെ പക്കൽ ഇല്ല. ഡാറ്റവെച്ച് വിശകലനം നടത്തിയാണ് മഹാമാരികൾ വീണ്ടും വരുമ്പോൾ ഇതിന്റെ ചികിൽസാ പ്രോട്ടോക്കോൾ തീരുമാനിക്കേണ്ടതെന്നും വി.ഡി സതീശൻ ചൂണ്ടിക്കാട്ടി. ആശുപത്രി ഭരണ സമിതി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി, ടി.ജെ വിനോദ് എം.എൽ.എ, കൊച്ചി കോർപ്പറേഷൻ കൗൺസിലർ ആന്റണി പൈനുതറ, ആശുപത്രി സെക്രട്ടറി അജയ് തറയിൽ, വൈസ് പ്രസിഡന്റ് അഡ്വ.ബി.എ അബ്ദുൾ മുത്തലിബ്, മെഡിക്കൽ സൂപ്രണ്ടന്റ് ഡോ.സി.കെ ബാലൻ,ഡയറക്ടർ മാരായ ഡോ.ഹസീന മുഹമ്മദ്,അഗസ്റ്റസ് സിറിൾ, പി.വി അഷ്റഫ്, ഇക്ബാൽ വലിയവീട്ടിൽ, റഷീദ് ടി.എച്ച്, എൻ.എ അബ്രാഹം, ഇന്ദിരാഭായ് പ്രസാദ്, ആലപ്പാട്ട് മുരളീധരൻ, അശോകൻ പി.ഡി തുടങ്ങിയവർ സംസാരിച്ചു.

# അന്താരാഷ്ട്ര മില്ലറ്റ് വർഷം : ഈറ്റ് റൈറ്റ് യോഗ ഈറ്റ് റൈറ്റ് ബൈക്കത്തോൺ സംഘടിപ്പിച്ചു



**കൊച്ചി:** അന്താരാഷ്ട്ര മില്ലറ്റ് വർഷത്തോടനുബന്ധിച്ച് ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയും, കേരള സർക്കാർ ഭക്ഷ്യസുരക്ഷാ വകുപ്പും സംയുക്തമായി സംഘടിപ്പിച്ച ഈറ്റ് റൈറ്റ് യോഗ ഈറ്റ് റൈറ്റ് ബൈക്കത്തോൺ കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നു. ഇതിന്റെ ഭാഗമായി നടന്ന യോഗ പരിശീലനം അസിസ്റ്റന്റ് കളക്ടർ നിശാന്ത് സിഹാര ഉദ്ഘാടനം ചെയ്തു.കൊച്ചി നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.ആർ റെനീഷ് ബൈക്കത്തോൺ ഫ്ളാഗ് ഓഫ് ചെയ്തു. ആരോഗ്യകരമായ ജീവിത ശൈലികളും ഭക്ഷണ രീതികളും പ്രോത്സാഹിപ്പിക്കുക, ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.120 ബൈക്കുകൾ ബൈക്കത്തോൺ പരിപാടിയുടെ ഭാഗമായി. ഈറ്റ് റൈറ്റ് യോഗയിൽ 120 പേർ പങ്കെടുത്തു. കേരളഹോട്ടൽ ആന്റ് റസ്റ്റോറൻറ് അസോസിയേഷൻ, ബേക്കേഴ്സ് അസോസിയേഷൻ,ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ, കോൺഫിഡറേഷൻ ഓഫ് ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകളുടെ പ്രതിനിധികൾ ,ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയം സീനിയർ സൂപ്ര് എസ് ഷിബു , മൂവാറ്റുപുഴ ഭക്ഷ്യ സുരക്ഷാ ഓഫീസർ കൃപാ ജോസഫ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

## ബാലമിത്ര പദ്ധതി: കടുങ്ങല്ലൂരിൽ ഏഴ് സ്കൂളുകളിൽ പരിശീലനം പൂർത്തിയാക്കി

**കൊച്ചി:** കുഷ്ഠരോഗ നിർമാർജനത്തിന്റെ ഭാഗമായ ബാലമിത്ര പദ്ധതിയുമായി ബന്ധപ്പെട്ട് കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ഏഴ് സ്കൂളുകളിൽ പരിശീലന പരിപാടി പൂർത്തിയായി. അങ്കണവാടി വർക്കർമാർക്കും സ്കൂൾ അധ്യാപകർക്കും പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച പരിശീലന ക്യാമ്പിന്റെ തുടർച്ചയായാണ് ആരോഗ്യവകുപ്പ് സ്കൂളുകളിലെത്തി പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. സർക്കാർ, എയ്ഡഡ്, സ്വകാര്യ സ്കൂളുകളിലെ എല്ലാ അധ്യാപകർക്കും രക്ഷിതാക്കൾക്കും പരിശീലനവും ബോധവത്ക്കരണവും നൽകുന്നു്. പഞ്ചായത്തിന്റെ പരിധിയിലുള്ള 10 സ്കൂളുകളിൽ മൂന്നു സ്കൂളുകളിൽ വരും ദിവസങ്ങളിൽ പരിശീലനം നടക്കും. ഖാദർ ഹാജി മെമ്മോറിയൽ ബഡ്സ് സ്കൂളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം പൂർത്തിയാക്കി.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ നയിക്കുന്ന പരിശീലന പരിപാടികൾക്ക് ശേഷം സ്കൂളുകളിൽ പരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കും. രോഗലക്ഷണങ്ങളുള്ള കുട്ടികളുടെ വീടുകളിൽ ആരോഗ്യപ്രവർത്തകരെത്തി പരിശോധിച്ച് തുടർന്നുള്ള ചികിത്സയും ഉറപ്പുവരുത്തും. കുടുംബാംഗങ്ങളെയും പരിശോധനയ്ക്ക് വിധേയമാക്കും.കുട്ടികളിലെ കുഷ്ഠ രോഗം തുടക്കത്തിൽ കത്തെി അംഗവൈകല്യവും രോഗ വൈകല്യവും ഒഴിവാക്കുകയാണ് ബാലമിത്ര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 18 വയസ്സ് വരെയുള്ള കുട്ടികളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ശിശു വികസനം, വിദ്യാഭ്യാസം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

## അപേക്ഷ തീയതി നീട്ടി

**കൊച്ചി:** ജില്ലയിലെ കൃഷി ഭവനുകളിൽ, 'ഇന്റേൺഷിപ് അറ്റ് കൃഷി ഭവൻ 'പദ്ധതി പ്രകാരം 180 ദിവസത്തെ പരിശീലന പരിപാടിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി സെപ്റ്റംബർ 27 വരെ നീട്ടി.മാസം 5000 രൂപ ഹോണറേറിയം ലഭിക്കും. വി.എച്ച്.എസ്.സി (അഗ്രികൾച്ചർ )/ ഡിപ്ലോമ ഇൻ അഗ്രികൾച്ചർ അല്ലെങ്കിൽ ഓർഗാനിക് ഫാർമിങ്ങ് ഇൻ അഗ്രികൾച്ചർ എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ഓൺലൈനായായി

www.keralaagriculture.gov.in എന്ന വെബ് സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം . അപേക്ഷകർ 18 നും 41 നും മധ്യേ (2022 ജനുവരിയിൽ) പ്രായമുള്ളവരായിരിക്കണംഫോൺ : 0484 2422224

# കൊച്ചി നഗരത്തിൽ സ്വാപ് ഷോപ്പ് പ്രവർത്തനമാരംഭിച്ചു




**കൊച്ചി** നഗരത്തിൽ സ്വാപ് ഷോപ്പ് പ്രവർത്തനമാരംഭിച്ചു. പുനരുപയോഗിക്കുവാൻ കഴിയുന്ന ഏത് വസ്തുവും കൈമാറുവാൻ കഴിയുന്ന സ്ഥലമാണ് സ്വാപ്പ് ഷോപ്പ്. സൗത്ത് റെയിൽവേ ഓവർബ്രിഡ്ജിന് താഴെയുള്ള കടമുറിയിലാണ് 'സബാഷ്' എന്ന പേരിൽ സ്വാപ് ഷോപ്പ് ആരംഭിച്ചത്. കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ പ്രശസ്ത ചലചിത്ര താരം ഊർമ്മിള ഉണ്ണി, കൗൺസിലർമാരായ പത്മജ.എസ്. മേനോൻ, സുധ ദിലീപ് കുമാർ, കൊച്ചി നഗരസഭ അഡീഷണൽ സെക്രട്ടറി വി.പി.ഷിബു, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ അമീർഷ.ആർ.എസ്, കൊച്ചി നഗരസഭ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ആദ്യ ദിവസം തന്നെ ഒട്ടേറെ ആളുകൾ വസ്ത്രങ്ങളും, പാത്രങ്ങളും അടക്കമുള്ള വസ്തുകൾ കൈമാറ്റം ചെയ്യുവാൻ സ്വാപ്ഷോപ്പിൽ എത്തിചേർന്നു. നഗരസഭ ബഡ്ജറ്റിൽ പ്രഖ്യാപ്പിച്ച സ്വാപ്പ് ഷോപ്പ് എന്ന ആശയം കൂടുതൽ ഡിവിഷനുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുവാനാണ് കോർപ്പറേഷൻറെ ലക്ഷ്യം.

# 30 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:**എംബിബിഎസ്, എഞ്ചിനീയറിങ്, ബിഎസ്സി നഴ്സിങ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തീകരിക്കാനായി മുത്തൂറ്റ് ഫിനാൻസിൻറെ സാമൂഹ്യ പ്രതിബദ്ധതാ വിഭാഗമായ മുത്തൂറ്റ് എം ജോർജ്ജ് ഫൗണ്ടേഷൻ മികവു തെളിയിച്ച 30 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി. 202223 വർഷത്തേക്കുള്ള ഉന്നത വിദ്യാഭ്യാസ സ്കോളർഷിപിൻറെ ഭാഗമായി ഈ വിദ്യാർത്ഥികൾക്ക് 48 ലക്ഷം രൂപയാണ് മുത്തൂറ്റ് ഫിനാൻസ് ലഭ്യമാക്കുന്നത്. സെപ്റ്റംബർ 16 ശനിയാഴ്ച കൊച്ചി അവന്യൂ റീജൻറിൽ നടത്തിയ ചടങ്ങിൽ വെച്ച് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) വൈസ് ചാൻസിലർ പ്രൊഫ. ഡോ. പി ജി. ശങ്കരൻ ചടങ്ങിൽ മുഖ്യാതിഥിയായി. മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ് അധ്യക്ഷത വഹിച്ചു. മുത്തൂറ്റ് ഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടറും സിഒഒയുമായ കെ. ആർ. ബിജിമോൻ, മുത്തൂറ്റ് ഹെൽത്ത് കെയർ എംഡി ഡോ. ജോർജി കുര്യൻ മുത്തൂറ്റ്. മുത്തൂറ്റ് ഗ്രൂപ്പ് കോർപറേറ്റ് കമ്യൂണിക്കേഷൻസ് ഡെപ്യൂട്ടി ജനറൽ മാനേജർ ബാബു ജോൺ മലയിൽ, എറണാകുളം എംഎൽഎ ടി. ജെ. വിനോദ്, എംഐടിഎസ് പ്രിൻസിപ്പൽ ഡോ. നീലകണ്ഠൻ പി. സി., ഐഎംഎ കൊച്ചി പ്രസിഡൻറ് ഡോ. എസ്. ശ്രീനിവാസ കമ്മത്ത്, എംഎംജിഎഫ് കമ്മിറ്റി അംഗം ഫാ. വർഗീസ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.കഴിഞ്ഞ നിരവധി വർഷങ്ങളായി മുത്തൂറ്റ് ഫിനാൻസ് തങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് നീക്കങ്ങൾ നടത്തി വരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിന്നു വരുന്ന വിദ്യാർത്ഥികളെ പിന്തുണക്കാൻ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി ഏറെ സഹായകമാകുന്നുണ്ട്. മികവു തെളിയിച്ച വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പുകൾ നൽകുന്നത്. സ്കോളർഷിപ്പ് പദ്ധതിയുടെ ഭാഗമായി 10 എംബിബിഎസ് വിദ്യാർത്ഥികൾക്ക് 2.4 ലക്ഷം രൂപ വീതവും 10 ബിടെക് വിദ്യാർത്ഥികൾക്ക് 1.2 ലക്ഷം രൂപ വീതവും 10 ബിഎസ്സി നഴ്സിങ് വിദ്യാർത്ഥികൾക്ക് 1.2 ലക്ഷം രൂപ വീതവുമായി മൊത്തം 48 ലക്ഷം രൂപയാണ് നൽകുന്നത്.സാമ്പത്തിക പശ്ചാത്തലത്തിന് അതീതമായി എ




ല്ലാ വിദ്യാർത്ഥികൾക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസത്തിന് അർഹതയുണ്ടെന്നാണ് തങ്ങൾ വിശ്വസിക്കുന്നതെന്ന് മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ് പറഞ്ഞു.അർഹരായ വിദ്യാർത്ഥികൾക്ക് ഗുണമേൻമയുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ സിഎസ്ആർ പദ്ധതിയിലൂടെ പ്രതിഫലിക്കുന്നത്. ഈ യുവ വിദ്യാർത്ഥികൾ നമ്മുടെ രാജ്യത്തിൻറെ ഭാവിയാണ്. അവർക്കു നൽകുന്ന ഗുണമേൻമയുള്ള വിദ്യാഭ്യാസം വഴി ഈ വിദ്യാർത്ഥികളുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കാനും അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനും സഹായിക്കാനാവും എന്നാണ് തങ്ങൾ വിശ്വസിക്കുന്നത്. ജി20 പ്രഖ്യാപനവും ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും നൽകേണ്ടതിനെ കുറിച്ചു ചൂണ്ടിക്കാട്ടുന്നുണ്ട്. ഒരു പൊതു ലക്ഷ്യത്തിനായി തങ്ങളും സംഭാവന ചെയ്യുന്നതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വ്യക്തിപരമായ വെല്ലുവിളികൾ നേരിട്ടും തങ്ങളുടെ മികവു തുടരാൻ ശ്രമിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുന്നതായി മുഖ്യാതിഥിയായിരുന്ന കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി വൈസ് ചാൻസിലർ ഡോ. പി. ജി. ശങ്കരൻ പറഞ്ഞു. രാജ്യത്തിൻറെ ഭാവി വാഗ്ദാനങ്ങൾക്ക് തുല്യ അവസരം നൽകാനുള്ള മുത്തൂറ്റ് ഫിനാൻസിൻറെ കാഴ്ചപ്പാടിനെ അഭിനന്ദിക്കുന്നു. അർഹിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമല്ല സമൂഹത്തിന് മൊത്തത്തിലും മികവുണ്ടാക്കാൻ ഇതു സഹായകമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കേരള ട്രാവൽ മാർട്ട് സൊസൈറ്റി: ജോസ് പ്രദീപ് പ്രസിഡൻ്റ് , എസ് സ്വാമിനാഥൻ സെക്രട്ടറി





**കൊച്ചി:** സംസ്ഥാനത്തെ ട്രാവൽടൂറിസം രംഗത്തെ പ്രമുഖ സംഘടനയായ കേരള ട്രാവൽ മാർട്ടിൻറെ പ്രസിഡൻ്റായി ഹോട്ടൽ വ്യവസായിയും യുവറാണി റെസിഡൻസിയുടെ മാനേജിംഗ് പാർട്ണറുമായ ജോസ് പ്രദീപിനെ തെരഞ്ഞെടുത്തു. ദ്രവീഡിയൻ ട്രെയിൽസ് ഹോളിഡേയ്സ് ലിമിറ്റഡ് എംഡി എസ് സ്വാമിനാഥനാണ് സെക്രട്ടറി.വൈസ് പ്രസിഡൻ്റായി ഇൻഡിമേറ്റ് എക്സ്പീരിയൻസ് മാനേജിംഗ് പാർട്ണർ ഹരി കുമാർ സി തെരഞ്ഞെടുക്കപ്പെട്ടു. ജോയിൻറ് സെക്രട്ടറിയായി സ്പൈസ് റൂട്ട്സ് ക്രൂയിസ് ഡയറക്ടർ ജോബിൻ ജോസഫ്, ട്രഷററായി അബാദ് ഗ്രൂപ്പ് ഓഫ് ഹോട്ടൽസ് ഡയറക്ടർ ജിബ്രാൻ ആസിഫ് എന്നിവരെയും സൊസൈറ്റി യോഗം തെരഞ്ഞെടുത്തു.രാജ്യത്തെ ഏറ്റവും വലിയ ട്രാവൽ ആൻഡ് ടൂറിസം മേളയായ കേരള ട്രാവൽ മാർട്ട് നടത്തുന്നത് കെടിഎം സൊസൈറ്റിയാണ്. ദക്ഷിണേഷ്യയിലെ തന്നെ ഏറ്റവും പ്രാധാന്യമുള്ളതും അന്താരാഷ്ട്ര പ്രതിനിധികളുടെ പ്രാതിനിധ്യം ഏറ്റവും കൂടുതലുള്ളതുമായ സമ്മേളനമാണിത്.കഴിഞ്ഞ വർഷം നടന്ന പതിനൊന്നാമത് കേരള ട്രാവൽ മാർട്ടിൽ 55,000 ലധികം വാണിജ്യ കൂടിക്കാഴ്ചകളാണ് മൂന്ന് ദിവസം കൊ് നടന്നത്. രാജ്യത്തിനകത്തു നിന്നും 900 പേരും വിദേശത്ത് നിന്നും 234 പേരുമടക്കം 1134 ബയർമാർ കെടിഎമ്മിനെത്തി. 325 സെല്ലർ സ്റ്റാളുകളാണ് കെടിഎം 2022 ൽ ഉായിരുന്നത്.

# 7660 കോടി രൂപയുടെ 91 നിക്ഷേപ പദ്ധതികൾക്ക് അംഗീകാരം നൽകി കർണാടക സർക്കാർ

കർണാടക സംസ്ഥാനതല ഏകജാലക ക്ലിയറൻസ് കമ്മിറ്റി (എസ്എൽഎസ്ഡബ്ല്യുസിസി) സംസ്ഥാനത്തിനകത്ത് 18,146 തൊഴിലവസര സാധ്യതയുള്ള 7,659.52 കോടി രൂപയുടെ 91 വ്യാവസായിക നിക്ഷേപ പദ്ധതികൾക്ക് അനുമതി നൽകി.വൻകിട, ഇടത്തരം വ്യവസായ, അടിസ്ഥാന സൗകര്യ വികസന മന്ത്രി എം.ബി. പാട്ടീലിന്റെ നേതൃത്വത്തിലുള്ള എസ്എൽഎസ്ഡബ്ല്യുസിസി കമ്മിറ്റി 50 കോടിയിലധികം നിക്ഷേപം ഉൾപ്പെടുന്ന 26 പദ്ധതികൾക്ക് അംഗീകാരം നൽകി. മൊത്തം നിക്ഷേപം 5,750.73 കോടി രൂപ. ഇതിന് മൊത്തം 13,742 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.മാരുതി സുസുക്കി ഇന്ത്യ, എക്യൂസ് കൺസ്യൂമർ, സൗത്ത് വെസ്റ്റ് മൈനിംഗ്, ടാറ്റ സെമികണ്ടക്ടർ, ക്രിപ്റ്റോൺ (ഇന്ത്യ) സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവർ മുൻനിര നിക്ഷേപകരിൽ ഉൾപ്പെടുന്നു.മൊത്തം 91 നിക്ഷേപ പദ്ധതികൾ ഏകദേശം 57 നിക്ഷേപ പദ്ധതികൾ 15 കോടി മുതൽ 50 കോടി രൂപ വരെയാണ് നിക്ഷേപം. മൊത്തം 1,144.94 കോടി രൂപയാണ് നിക്ഷേപം. ഇത് കർണാടകയിൽ 4404 തൊഴിലവസര സാധ്യതകൾ സൃഷ്ടിക്കും.763.85 കോടി രൂപയുടെ അധിക നിക്ഷേപമുള്ള എട്ട് പദ്ധതികൾക്കും സമിതി അംഗീകാരം നൽകി.വാണിജ്യ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എസ് സെൽവകുമാർ, വ്യവസായ വികസന കമ്മീഷണർ ഗുഞ്ജൻ കൃഷ്ണ, തൊഴിൽ വകുപ്പ് സെക്രട്ടറി മുഹമ്മദ് മൊഹ്സിൻ, കെഐഎഡിബി സിഇഒ ഡോ. എം മഹേഷ്, ഐടി/ബിടി വകുപ്പ് ഡയറക്ടർ ദർശൻ എച്ച് വി, കർണാടക ഉദ്യോഗ് മിത്ര മാനേജിംഗ് ഡയറക്ടർ ദൊഡ്ഡബസവരാജു എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# വിപിഎസ് ലേക്ക്ഷോറിൽ ഹൃദയ പരിശോധന പാക്കേജ്

**കൊച്ചി:** ലോക ഹൃദയദിനം പ്രമാണിച്ച് വിപിഎസ് ലേക്ക്ഷോർ ആശുപത്രിയിൽ ഹൃദയ പരിശോധന പാക്കേജ് പ്രഖ്യാപിച്ചു. 999 രൂപയുടെ പാക്കേജിൽ സൗജന്യ രജിസ്ട്രേഷൻ, ഹൃദ്രോഗ വിദഗ്ധനുമായി കൺസൾട്ടേഷൻ, സിബിസി, ആർബിഎസ്, ലിപ്പിഡ് പ്രൊഫൈൽ, സീറം ക്രിയാറ്റിനിൻ, സീറം പൊട്ടാസ്യം, ഇസിജി, എക്കോ എന്നീ പരിശോധനകൾ ഉൾപ്പെടുന്നു. 50% കിഴിവിൽ കൊറോണറി ആൻജിയോഗ്രഫിയും ലഭ്യമാകും. സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 15 വരെ പാക്കേജ് ലഭ്യമാണ്. രജിസ്ട്രേഷന് 1800 313 8775 എന്ന നമ്പറിൽ വിളിക്കുക.

# സംരംഭകർക്ക് വ്യവസായ വാണിജ്യ വകുപ്പിന്റെ പരിശീലനം

**കൊച്ചി:** അന്താരാഷ്ട്ര തലത്തിൽ എംഎസ്എംഇ കളുടെ ഗുണനിലവാരം ഉയർത്തി ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ ഉത്പന്നങ്ങൾ നൽകാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് 'വർക്ക് ഷോപ്പ് ഓൺ ക്വാളിറ്റി സിസ്റ്റം അവയർനസ് ആൻഡ് പ്രോഡക്റ്റ് സർട്ടിഫിക്കേഷൻ എന്ന പരിശീലനം സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി പ്രോഡക്റ്റ് സെർട്ടിഫിക്കേഷൻ, വിവിധ തരം സ്റ്റാൻഡേർഡ്സ്, സെഡ് സെർട്ടിഫിക്കേഷൻ ഹാൾമാർക്ക് ,അഗ്മാർക്, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർസ് & സ്കീം ഫോറിൻ മാനുഫാക്ചർസ് സ്കീം, ക്വാളിറ്റി സിസ്റ്റം അവാർനെസ്സ് ഖടഛ 90012015, നിർബന്ധിത ഡോക്യുമെന്റേഷൻ, പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയ സെഷനുകൾ ആണ് പരിശീലനത്തിൽ ഉൾപെടുത്തിയിരിക്കുന്നത്.കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽന്റെ സഹകരണത്തോടെ കളമശ്ശേരി കീഡ് ക്യാമ്പസിൽ വെച്ച് സെപ്റ്റംബർ 29,30 തിയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു.2,950/ ആണ് പരിശീലന ഫീസ് . (കോഴ്സ് ഫീ, സർട്ടിഫിക്കറ്റ്, താമസം, ഭക്ഷണം, ജി എസ് ടി ഉൾപ്പടെ). താല്പര്യമുള്ള മാനുഫാച്ചറിങ് യൂണിറ്റുകൾ www.kled.info എന്ന വെബൈറ്റ് സന്ദർശിച്ച് ഓൺലൈനായി സെപ്റ്റംബർ 21 ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരെഞ്ഞെടുത്ത പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ 30 വിവരങ്ങൾക്ക് ബന്ധപ്പെടുക
04842550322, 04842532890, 9605542061,

# എൻജിനീയേഴ്സ് ദിനം ആഘോഷിച്ചു




**കൊച്ചി:** ഇന്ത്യയിലെ ആധുനിക എൻജിനിയറിംഗിന്റെ പിതാവ് എം വിശ്വേശ്വരയ്യയുടെ ജന്മദിനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയേഴ്സ് 56ാമത് എൻജിനിയേഴ്സ് ദിനം ആഘോഷിച്ചു. എറണാകുളം ജില്ലാ കലക്ടറും പി എസ് ജി കോളജിലെ ഇലക്ട്രോണിക്സ് എൻജിനിയർ അലുംനിയുമായ എൻ എസ് കെ ഉമേഷ് എൻജിനിയറിംഗ് ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഡോ. ജി മധു. ഡോ. അനിൽ ജോസഫ്, കെ എസ് ബാബു, പി എ സലാഹുദ്ദീൻ എന്നിവർ പ്രസംഗിച്ചു. ആഘോഷത്തിന്റെ ഭാഗമായി ഐ എസ് ആർ ഒ മുൻ ചെയർമാൻ പത്മവിഭൂഷൺ ജി മാധവൻ നായരെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശിപ്പിച്ചു.

# ഡ്യൂറോ ഫ്‌ളെക്‌സും ഐ.ഐ.എസും കൈകോർക്കുന്നു

**കൊച്ചി:** ഡ്യൂറോഫ്ളെക്സ്, ജെഎസ്ഡബ്ല്യു ഗ്രൂപ്പ് സംരംഭമായ ഇൻസ്പെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സുമായി (ഐ.ഐ.എസ്) പങ്കാളിത്തം പ്രഖ്യാപിച്ചു. അഞ്ച് ഒളിമ്പിക് ഇനങ്ങളിൽ യുവ കായികതാരങ്ങളെ പരിപോഷിപ്പിക്കുന്ന ഹൈപെർഫോമൻസ് പരിശീലന കേന്ദ്രമായ ഐഐഎസ്സുമായുള്ള ഡ്യൂറോ ഫ്ളെക്സിന്റെ സഹകരണത്തിന്റെ ഭാഗമായി, ഐ.ഐ.എസ് അത്‌ലറ്റുകൾക്ക് അവരുടെ പരിശീലനത്തിനും മികച്ച പ്രകടനത്തിനും ആവശ്യമായ സുഖനിദ്ര ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഉയർന്ന നിലവാരമുള്ള, ഗവേഷണ അധിഷ്ഠിത സ്ലീപ് ഇൻഫ്രാസ്ട്രക്ചർ ഡ്യൂറോഫ്ളെക്സ് സജ്ജമാക്കുന്നു. സുഖനിദ്രയിലൂടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനായി ഡ്യൂറോ ഫ്ളെക്സ് എല്ലായ്പ്പോഴും പ്രതിജ്ഞാബദ്ധമാണെന്ന് ഡ്യൂറോ ഫ്ളെക്സ് സി.ഇ.ഒ മോഹൻരാജ് ജെ പറഞ്ഞു. ഒളിമ്പിക്സിലേക്കുള്ള സ്വപ്നപാത പിന്തുടരുന്ന നമ്മുടെ രാജ്യത്തെ അത്‌ലറ്റുകൾക്ക് തങ്ങളുടെ അചഞ്ചലമായ പിന്തുണ വാഗ്ദാനം ചെയ്യുന്നതിൽ തങ്ങൾക്ക് വലിയ അഭിമാനമുണ്ടെന്നും മോഹൻരാജ് ജെ പറഞ്ഞു.സ്പോർട്സ് സയൻസ് എന്നത് ഐഐഎസ്സിൽ തങ്ങൾ വളരെയധികം നിക്ഷേപം നടത്തുന്ന ഒരു വശമാണെന്നും തങ്ങൾ ചെയ്യുന്ന പലതിന്റെയും കാതലാണ് അതെന്നും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട് സിഇഒ റുഷ്ദീ വാർലി പറഞ്ഞു.ഇന്ത്യൻ സ്പോർട്സ് ഇക്കോ സിസ്റ്റത്തിൽ വലിയ വിടവായിരുന്നു ഗ്രാസ്റൂട്ട് ലെവലിൽ അത്‌ലറ്റുകളെ പിന്തുണയ്ക്കുക എന്നതെന്നും ബ്രാൻഡുകളും കോർപ്പറേറ്റുകളും അതിനായി മുന്നോട്ട് വരുന്നത് ശരിക്കും പ്രോത്സാഹജനകമാണെന്നും ജെഎസ്ഡബ്ല്യു സ്പോർട്സ് സിഇഒ ദിവ്യാൻഷു സിംഗ് പറഞ്ഞു.അത്‌ലറ്റിക് പ്രകടനം മെച്ചപ്പെടുത്തുന്നതിന് സ്പോർട്സ് സയൻസിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഡ്യൂറോഫ്ലക്സിനെ പോലൊരു പങ്കാളിയെ ലഭിച്ചതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്നും ദിവ്യാൻഷു സിംഗ് പറഞ്ഞു.

# പ്രീമിയം ഉപഭോക്താക്കൾക്ക് പുതിയ അക്കൗണ്ടുകൾ അവതരിപ്പിച്ച് ഉജ്ജീവൻ ബാങ്ക്

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് പ്രീമിയം ഉപഭോക്താക്കൾക്കായി മാക്സിമ സേവിങ്സ് അക്കൗണ്ടുകളും ബിസിനസ് മാക്സിമ കറ് അക്കൗണ്ടുകളും അവതരിപ്പിച്ചു. വിവിധങ്ങളായ സേവനങ്ങളും ആനുകൂല്യങ്ങളും വഴി നിലവിലുള്ളതും പുതുതായി എത്തുന്നതുമായ ഉപഭോക്താക്കളുടെ ബാങ്കിങ് അനുഭവങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇവ അവതരിപ്പിക്കുന്നതെന്ന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ ഇട്ടീര ഡേവിസ് പറഞ്ഞു.മാക്സിമ സേവിങ്സ് അക്കൗണ്ടിൽ 7.5 ശതമാനം വരെയാണ് വാർഷിക പലിശ. ഉപഭോക്താക്കൾക്ക് ഒരു ലക്ഷം രൂപയുമായി അക്കൗണ്ട് ആരംഭിക്കാം. മറ്റ് സ്റ്റാൻഡേർഡ് സേവിങ്സ് അക്കൗണ്ടുകളിൽ ലഭ്യമല്ലാത്ത രീതിയിൽ ഉപഭോക്താക്കൾക്ക് 15 ലക്ഷം രൂപയോ അതിലധികമോ സ്ഥിര നിക്ഷേപത്തിൽ നിലനിർത്തി മാക്സിമ സേവിങ്സ് അക്കൗണ്ടിന്റെ ബാലൻസ് മാനദണ്ഡ യോഗ്യത നേടാനും സാധിക്കും. ഉയർന്ന ഇടപാട് പരിധി, സൗജന്യ ചെക്ക്ഡിഡി നൽകൽ, എല്ലാ ചാനലുകളിലും സൗജന്യ ഇടപാടുകൾ, ഏതു ശാഖയിൽ നിന്നും പരിധിയില്ലാത്ത പണം നിക്ഷേപവും പിൻവലിക്കലും എന്നീ സേവനങ്ങളും മാക്സിമ സേവിങ്സ് അക്കൗണ്ടിലൂടെ ലഭിക്കും. അർഹരായ ഉപഭോക്താക്കൾക്ക് മാക്സിമ സേവിങ്സ് അക്കൗണ്ടിനോടൊപ്പം ഒരു കോംപ്ലിമെന്ററി ഹെൽത്ത് പ്രൈം ആനുകൂല്യവും ലഭിക്കുമെന്നും ഇട്ടീര ഡേവിസ് പറഞ്ഞു.

ബിസിനസുകൾക്കും സംരംഭകർക്കുമായാണ് മാക്സിമ കറ് അക്കൗണ്ട് രൂപകൽപന ചെയ്തിട്ടുള്ളത്. സൗകര്യപ്രദമായ ഓൺലൈൻ ബാങ്കിങ്, തൽക്ഷണ ഫ് കൈമാറ്റം, കാഷ് മാനേജുമെന്റ് തെരഞ്ഞെടുപ്പുകൾ തുടങ്ങിയവ ഇതിൽ പെടുന്നു. ബിസിനസുകൾക്ക് തങ്ങളുടേതായ പണ നിക്ഷേപ പരിധി നിർണയിക്കാം, പ്രതിദിനം അഞ്ചു ലക്ഷം രൂപ വരെ എടിഎം പിൻവലിക്കൽ പരിധി, കച്ചവടക്കാർക്കായുള്ള ബാങ്കിങിനു പുറമെയുള്ള അക്കൗണ്ട് സേവനങ്ങൾ, സൗജന്യ പിഒഎസ് ഇൻസ്റ്റലേഷൻവാടക സേവനങ്ങൾ തുടങ്ങിയ ശ്രദ്ധേയമായ സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ ബിസിനസ് അക്കൗണ്ട് ഉടമകൾക്ക് സ്പെഷ്യലൈസ്ഡ് റിലേഷൻഷിപ്പ് മാനേജർമാർ വഴി മാർഗനിർദേശവും പ്രത്യേകമായുള്ള ബാങ്കിങ് ആവശ്യങ്ങൾക്കായുള്ള സേവനങ്ങളും ലഭിക്കും. നിലവിലുള്ളതും പുതിയതുമായ ഇടത്തരം, വൻകിട ബിസിനസ് സ്ഥാപനങ്ങൾക്കായി മാക്സിമ കറ് അക്കൗണ്ടുകളും മാക്സിമ സേവിങ്സ് അക്കൗണ്ടുകളും അവതരിപ്പിക്കാൻ തങ്ങൾക്ക് അഭിമാനമുണ്ടെന്നും പ്രീമിയം ആനുകൂല്യങ്ങൾ വഴി ബാങ്കിങ് മികവിന്റെ നിലവാരം കൂടുതൽ ഉയർത്തുകയാണെന്നും ഇട്ടീര ഡേവിസ് പറഞ്ഞു.

# ജില്ലാതല ചിത്രരചന മത്സരം സംഘടിപ്പിച്ചു



**കൊച്ചി :** സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതല ചിത്രരചന മത്സരം ചാവറ കൾച്ചറൽ സെന്ററിൽ സംഘടിപ്പിച്ചു. മുൻ എം.പിയും , ജി.സി.ഡി.എ ചെയർമാനുമായ കെ.ചന്ദ്രൻ പിള്ള ഉദ്ഘാടനം നിർവഹിച്ചു. അകാലത്തിൽ മരണപ്പെട്ട ബാല ചിത്രകാരൻ ക്ലിന്റിന്റെ സ്മരണാർത്ഥം ജിസിഡിഎ യുടെ നേതൃത്വത്തിൽ ക്ലിന്റിന്റെ നാമത്തിൽ ആർട്ട്ഗ്യാലറി സ്ഥാപിക്കുമെന്നും,ക്ലിന്റ് വരച്ച മുപ്പതിനായിരത്തോളം വരുന്ന ചിത്രങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും ചന്ദ്രൻപിള്ള പറഞ്ഞു.ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി അഡ്വ. സുനിൽ ഹരീന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാദർ അനിൽ ഫിലിപ്പ് മുഖ്യാതിഥിയായിരുന്നു. സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ ആയ രശ്മി എം.എ., സുധാ പത്മജൻ, അഡ്വ. ടി.വി അനിത,സനം. പി തോപ്പിൽ പ്രസംഗിച്ചു.

## ആമസോണിന്റെ പ്രീ ഫെസ്റ്റീവ് ക്യാംപെയിൻ

**തിരുവനന്തപുരം:** ഉത്സവകാല മുന്നോടിയായി 'പ്രിയപ്പെട്ടവരുടെ ആനന്ദം നിങ്ങളുടേയും' എന്ന ക്യാംപെയിനുമായി ആമസോൺ. പ്രിയപ്പെട്ടവരുടെ ആനന്ദത്തിനായി മാത്രം ജീവിക്കാതെ ഓരോരുത്തരും സ്വയം ആനന്ദിക്കേണ്ടുന്ന ആശയം ആണ് ആമസോൺ ഈ ക്യാംപെയിനിലൂടെ മുന്നോട്ടു വെക്കുന്നത്. അവനവന് വേി ചെയ്യുന്ന കാര്യങ്ങൾ സ്വാർഥതയല്ല, മറിച്ച് സ്വയം സ്നേഹിക്കലാണെന്നും ക്യാംപെയിൻ വ്യക്തമാക്കുന്നു. പുതിയ കാലഘട്ടത്തിൽ സ്വയം സ്നേഹിക്കുക എന്നത് വളരെ പ്രാധാന്യമുള്ളതാണെന്നും ഉപഭോക്താക്കളെ മനസിലാക്കിക്കൊും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുമുള്ള ക്യാംപെയിനാണ് തുടക്കമിട്ടിരിക്കുന്നതെന്നും ആമസോൺ ഇന്ത്യ വൈസ് പ്രസിഡന്റ് നൂർ പട്ടേൽ പറഞ്ഞു. സ്വന്തം അനുഭവ കഥകൾ പങ്കിടാനും ഉപഭോക്താക്കൾക്ക് അവസരം ഉ്. ഇതിൽ തിരഞ്ഞെടുക്കപ്പെടുന്ന വിജയികളായവരുടെ അനുഭവ കഥകൾ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കും.

## ഇന്ത്യ–ഓസ്ട്രേലിയ ഏകദിന പരമ്പര 11 ഭാഷകളിൽ സൗജന്യമായി സംപ്രേക്ഷണം ചെയ്യാൻ ജിയോ സിനിമ

**കൊച്ചി:** ബിസിസിഐ ഇന്റർനാഷണൽ, ഡൊമസ്റ്റിക് മത്സരങ്ങൾക്കുള്ള എക്സ്ക്ലൂസീവ് മീഡിയ അവകാശങ്ങൾ നേടിയ ശേഷമുള്ള ആദ്യ മത്സരങ്ങളായ , ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള മൂന്ന് ഏകദിന പരമ്പരകൾ 11 ഭാഷകളിൽ ജിയോ സിനിമ സൗജന്യമായി സംപ്രേക്ഷണം ചെയ്യും.സെപ്തംബർ 22 , 24 ,27 തീയതികളിലായി മത്സരങ്ങൾ നടക്കും.കളേഴ്സ് തമിഴ് (തമിഴ്), കളേഴ്സ് ബംഗ്ലാ സിനിമ (ബംഗാളി), കളേഴ്സ് കന്നഡ സിനിമ (കന്നഡ), കളേഴ്സ് സിനിപ്ലക്സ് സൂപ്പർഹിറ്റുകൾ (ഹിന്ദി), സ്പോർട്സ് 18 1 എസ്ഡി, സ്പോർട്സ്18 1 എച്ച്ഡി എന്നിവയിൽ തത്സമയം സംപ്രേക്ഷണം ചെയ്യും.

## ഐ.എസ്.എൽ: കേരളാ ബ്ലാസ്റ്റേഴ്സ് ഹോം മൽസര ടിക്കറ്റുകൾ പേടിഎമ്മിലും പേടിഎം ഇൻസൈഡറിലും

**കൊച്ചി:** ഐ.എസ്.എൽ 2023-24 സീസണിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഹോം മൽസരങ്ങളുടെ ടിക്കറ്റിങിനായുള്ള ഔദ്യോഗിക അവകാശം പേടിഎമ്മും പേടിഎം ഇൻസൈഡറും കരസ്ഥമാക്കി. കേരളാ ബ്ലാസ്റ്റേഴ്സ് എഫ്സിയും ബെംഗലൂരു എഫ്സിയും തമ്മിൽ സെപ്റ്റംബർ 21ന് നടക്കുന്ന പോരാട്ടത്തോടെയാവും കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇത്തവണത്തെ മൽസരങ്ങൾക്കു തുടക്കം കുറിക്കുക. ടിക്കറ്റുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് പേടിഎമ്മിലോ പേയിഎം ഇൻസൈഡറിലോ ലോഗിൻ ചെയ്യുക.

## ബിസിനസ്സ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (KIED), 7 ദിവസത്തെ ബിസിനസ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം (Business Establishment Program) സംഘടിപ്പിക്കുന്നു . 2023 ഒക്ടോബർ 04 മുതൽ 11 വരെ കളമശ്ശേരിയിൽ ഉള്ള കീ ഡ് ക്യാമ്പസിലാണ് പരിശീലനം . നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം .മാർക്കറ്റിംഗ് സ്ട്രാറ്റജീസ്,സെയിൽസ് പ്രോസസ് ആൻഡ് ടീം മാനേജ്മെൻറ് ,ഡിജിറ്റൽ മാർക്കറ്റിംഗ് ,ഫിനാൻഷ്യൽ മാനേജ്മെൻറ് ആൻഡ് വർക്കിംഗ് ക്യാപിറ്റൽ മാനേജ്മെൻറ് ,ജിഎസ്ടി ആൻഡ് ടാക്സേഷൻ,ഓപ്പറേഷണൽ എക്സലൻസ് എക്സ്പോർട്ട് ഇംപോർട്ട് പ്രൊസീജിയർ തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 4,130/ രൂപ ആണ് 7 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ സെർറ്റിഫിക്കേഷൻ, ഭക്ഷണം, താമസം, ഏടാ ഉൾപ്പടെ). താൽപ്പര്യമുള്ളവർ കീഡിന്റെ വെബ് സൈറ്റ് ആയ www.kied.info ൽ ഓൺലൈനായി സെപ്റ്റംബർ 25 ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 0484 2532890/2550322/9605542061

# ക്രോമയിൽ ഐഫോൺ 15 സീരീസ് പ്രീബുക്കിംഗ് ആരംഭിച്ചു

**കൊച്ചി:** ക്രോമ സ്റ്റോറുകളിൽ പുതിയ ഐഫോൺ 15 സീരീസിന് പ്രീബുക്കിംഗ് ആരംഭിച്ചു. 2,000 രൂപ നൽകി മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക്, 24 മാസം വരെ നോകോസ്റ്റ് ഇഎംഐ ഓഫർ ലഭിക്കും. കൂടാതെ ഡെലിവറി ദിവസം മുഴുവൻ പേയ്മെൻറ് നൽകുന്നവർക്ക്  കൂടുതൽ ഓഫറുകളും ഡിസ്കൗണ്ടുകളും ലഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ക്രോമ സ്റ്റോറുകൾക്കൊപ്പം croma.com ലും പ്രീബുക്കിംഗ് ആരംഭിച്ചു. സെപ്റ്റംബർ 21 വരെയാണ് പ്രീ ബുക്കിംഗ്. പുതിയ ഐഫോൺ 15 സീരീസ്, ആപ്പിൾ വാച്ച് സീരീസ് 9, ആപ്പിൾ വാച്ച് അൾട്രാ 2 എന്നിവയെല്ലാം 2023 സെപ്റ്റംബർ 22 മുതൽ ക്രോമയിൽ ലഭ്യമാകും.മറ്റൊരു എക്സ്ക്ലൂസീവ് പ്രീബുക്കിംഗ് ആനുകൂല്യം തിരഞ്ഞെടുത്ത നഗരങ്ങളിൽ ക്രോമ നൽകുന്ന എക്സ്പ്രസ് ഡെലിവറിയാണ്. ഇത് മറ്റൊരു ഇലക്ട്രോണിക്സ് റീട്ടെയിലറിലും ലഭ്യമല്ലെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. ഉപയോക്താക്കൾക്ക് ഏറ്റവും പുതിയ ഐഫോൺ 15 സീരീസ്, ആപ്പിൾ വാച്ച് സീരീസ് 9, ആപ്പിൾ വാച്ച് അൾട്രാ 2 എന്നിവ മുൻകൂട്ടി ബുക്ക് ചെയ്യുമ്പോൾ തിരഞ്ഞെടുത്ത നഗരങ്ങളിൽ എക്സ്പ്രസ് ഡെലിവറി ഓപ്ഷൻ വഴി ക്രോമയിൽ നിന്ന് നേരത്തെതന്നെ ഉൽപ്പന്നങ്ങൾ ലഭ്യമാക്കും. ഉപഭോക്താവിന് മുൻകൂട്ടി ബുക്ക് ചെയ്ത ഉൽപ്പന്നങ്ങൾ 2023 സെപ്റ്റംബർ 22ന് തന്നെ ലഭിക്കും, കൂടാതെ എല്ലാ ക്രോമ സ്റ്റാൻഡ്എലോൺ സ്റ്റോറുകളും വിൽപ്പന ദിവസം രാവിലെ 8 മണിക്ക് തന്നെ തുറക്കുകയും ചെയ്യും. പുതിയ ഐഫോൺ 15 സീരീസ് കോണ്ടൂർ എഡ്ജ് ഡിസൈനൊപ്പം ആകർഷകമായ കളർ ഓപ്ഷനുകളുമായാണ് വരുന്നത്. ഐഫോൺ 15, ഐഫോൺ 15 പ്ലസ് എന്നിവ കറുപ്പ്, പച്ച, പിങ്ക്, മഞ്ഞ, നീല നിറങ്ങളിലും ഐഫോൺ 15 പ്രോ, പ്രോ മാക്സ് എന്നിവ നാച്ചുറൽ ടൈറ്റാനിയം, ബ്ലൂ ടൈറ്റാനിയം, ബ്ലാക്ക് ടൈറ്റാനിയം എന്നീ നിറങ്ങളിലുള്ള ടൈറ്റാനിയം ഫിനിഷിലും ലഭ്യമാകും.




എല്ലാ വേരിയൻറുകളും ക്രോമയിൽ പ്രീബുക്കിംഗിനായി ലഭ്യമാകും.24 മാസം വരെ നോകോസ്റ്റ് ഇഎംഐകൾ, ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളിലെ വിവിധ ബാങ്ക് ഓഫറുകൾ, 6,000 രൂപ വരെ എക്സ്ചേഞ്ച് ആനുകൂല്യങ്ങൾ, 5,000 രൂപ വരെ ക്യാഷ്ബാക്ക് ഓഫറുകൾ തുടങ്ങി വിവിധ ഫിനാൻസ് സ്കീമുകൾ 79,900 രൂപ മുതൽ ആരംഭിക്കുന്ന ഐഫോൺ 15 സീരീസ് പ്രീബുക്ക് ചെയ്യുമ്പോൾ ക്രോമയിൽ ലഭ്യമാണ്.കൂടാതെ ഏറ്റവും പുതിയ ഐഫോൺ 15 സീരീസ് പ്രീബുക്ക് ചെയ്യുമ്പോൾ തിരഞ്ഞെടുത്ത ആപ്പിൾ ആക്സസറികൾ, ആപ്പിൾ കെയർ+, പ്രൊട്ടക്റ്റ്+ പ്ലാനുകളിൽ ഫ്ലാറ്റ് 10 ശതമാനം ഇളവ് ക്രോമ നൽകും.ക്രോമ സ്റ്റോറിലെ ഉയർന്ന അറിവുള്ള വിദഗ്ധരിൽ നിന്നുള്ള ഷോപ്പിംഗ് സഹായവും മികച്ച തീരുമാനമെടുക്കാൻ സഹായിക്കുന്നതിന് വിദഗ്ധ ഉപദേശവും ഉപയോക്താക്കൾക്ക് ലഭിക്കും.

## റൂസയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ

**തിരുവനന്തപുരം:** ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റിൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറായി ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നു. സംസ്ഥാനത്തെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളജുകളിൽ സ്റ്റാറ്റിസ്റ്റിക്സ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. അപേക്ഷകർക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആപ്ലിക്കേഷൻ പരിജ്ഞാനം ആവശ്യമാണ്. കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിരാക്ഷേപ പത്രം സഹിതം നിശ്ചിത മാതൃകയിൽ അപേക്ഷിക്കണം. അപേക്ഷകൾ റൂസ സംസ്ഥാന പദ്ധതി ഓഫീസിൽ 30ന് വൈകീട്ട് 5നകം ലഭിക്കണം. വിലാസം: കോഓർഡിനേറ്റർ, റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളജ് ക്യാമ്പസ്, പാളയം, യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം  695 034. ഇമെയിൽ: keralarusa@gmail.com, ഫോൺ: 04712303036.

## ത്രിവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനം

**തിരുവനന്തപുരം:** 202324 ലെ ത്രിവത്സര എൽ.എൽ.ബി കോഴ്സിൽ കേരളത്തിലെ നാലു സർക്കാർ ലോ കോളജുകളിലെ മുഴുവൻ സീറ്റുകളിലേക്കും, 10 സ്വകാര്യ സ്വാശ്രയ ലോ കോളജുകളിലെ സർക്കാർ സീറ്റുകളിലേക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ സെപ്റ്റംബർ 15ന് ആരംഭിച്ചു. വിദ്യാർഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സെപ്റ്റംബർ 22ന് രാവിലെ 11 വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0471 2525300.

# ഇന്ത്യൻ ഗ്രീൻ ബിൽഡിങ്ങ് കൗൺസിൽ സ്റ്റുഡൻസ് ചാപ്റ്റർ




**ഇരിഞ്ഞാലക്കുട:** ദേശീയ എഞ്ചിനിയേഴ്സ് ഡേ ആചരണത്തോടനുബന്ധിച്ച് വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇന്ത്യൻ ഗ്രീൻ ബിൽഡിങ്ങ് കൗൺസിൽ സ്റ്റുഡൻസ് ചാപ്റ്റർ ആരംഭിച്ചു. നാഷനൽ ബിൽഡിങ്ങ് കോഡ് ഓഫ് ഇന്ത്യ ചെയർമാൻ സുരേഷ് വി. ഉദ്ഘാടനം ചെയ്തു കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായി സുസ്ഥിരതയിലും പ്രതിരോധത്തിലും ഊന്നിക്കൊണ്ടുള്ള പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണം എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തി. പരിസ്ഥിതി സൗഹൃദവും ഊർജക്ഷമതയുമുള്ള കെട്ടിടങ്ങൾ അനിവാര്യമായിരിക്കെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ചാപ്റ്റർ ആരംഭിച്ചതെന്ന് അധ്യക്ഷപ്രസംഗത്തിൽ പ്രിൻസിപ്പൽ ഡോ. ജോസ് കെ ജേക്കബ് പറഞ്ഞു. കെട്ടിട നിർമാണം ഐജിബിസി നിബന്ധനകൾക്ക് വിധേയമായിരിക്കണമെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഗ്രീൻ ബിൽഡിംഗ് നിർമാണത്തെപ്പറ്റി പഠിക്കുന്നത് നിർണായകമായിരിക്കയാണ്. വകുപ്പ് മേധാവി ഡോ. ഹരി നാരായണൻ.എൻ.എച്ച് , ബിന്ദുമോൾ വി.ജി. എന്നിവർ പ്രസംഗിച്ചു

